# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടത്വ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-1/610/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 16/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്വ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്വ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്വ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-1/610/2022 തീയ്യതി: 16/07/2022

## ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-06-2022 | 16-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-06-2022 | 16-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജ്യോതിമോൻ.സി.സി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ടീനു.ടോം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആനി ഈപ്പൻ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 13-11-2020 | 22-12-2020 |
| ശ്രീമതി. മറിയാമ്മ ജോർജ്ജ് | പ്രസിഡന്റ് | 23-12-2020 | 31-03-2021 |
| ശ്രീ.രാജേന്ദ്രൻ.ജി | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ശ്രീ. അജയകുമാർ.സി.വി | സെക്രട്ടറി | 04-02-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി. വത്സമ്മ.വി.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-01-2021 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 01-02-2021 | 01-02-2021 |
| ശ്രീമതി.ലീന കെ.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 02-02-2021 | 31-03-2021 |
| ശ്രീ.പ്രദീപ് കുമാർ.പി.വി | കൃഷി ഓഫീസർ | 01-04-2020 | 08-10-2020 |
| ശ്രീമതി.അഞ്ജു മറിയം ജോസ് | കൃഷി ഓഫീസർ | 09-10-2020 | 31-03-2021 |
| ശ്രീ. ജ്യോതിമോൻ പി.ബി | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. സസ്മിത.എസ്.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സിനി.സി.ജോസഫ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ശ്രീദേവി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.ബിന്ദുശ്രീ.എൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി. സുധർമ്മ.കെ.പി | ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ഒസീല ബീവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. ദിനരാജ് വി.എച്ച് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, | 01-04-2020 | 31-03-2021 |
| ശ്രീമതി. രാജി.ആർ നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 11-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 11-06-2022) | 1-1 |
| 2 | ബജറ്റ്-അവലോകനം<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: A.D.Beena (Asst. Audit Officer, On 15-06-2022)<br>Last Updated By: Elsamma (Audit Officer, On 08-07-2022) | 1-2 |
| 4 | വാർഷിക കണക്കിലെ ന്യൂനതകൾ<br>Written By: A.D.Beena (Asst. Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 08-07-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: A.D.Beena (Asst. Audit Officer, On 15-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 17-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: A.D.Beena (Asst. Audit Officer, On 15-06-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 15-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: A.D.Beena (Asst. Audit Officer, On 15-06-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 15-06-2022) | 1-5 |
| 8 | തൊഴിലുറപ്പുപദ്ധതി<br>Written By: C.C Jyothimon (Audit Officer, On 15-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 15-06-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Teenu Tom (Auditor, On 15-06-2022)<br>Last Updated By: Teenu Tom (Auditor, On 15-06-2022) | 1-7 |
| 10 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Teenu Tom (Auditor, On 15-06-2022)<br>Last Updated By: Teenu Tom (Auditor, On 17-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Teenu Tom (Auditor, On 15-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 16-06-2022) | 1-9 |
| 12 | ലൈസൻസ് പരിശോധന- അപാകതകൾ<br>Written By: Teenu Tom (Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-10 |
| 13 | ഗുണഭോക്തൃവിഹിതം കൃത്യസമയത്ത് പഞ്ചായത്തിൽ ഒടുക്കുന്നില്ല<br>Written By: Teenu Tom (Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-11 |
| 14 | കെട്ടിട ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പാക്കുന്നില്ല, പഞ്ചായത്തിനു നികുതി നഷ്ടം<br>Written By: Teenu Tom (Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-12 |
| 15 | തനതുവരുമാനത്തിനു ഒന്നിലധികം അക്കൌണ്ടുകൾ സൂക്ഷിക്കുന്നു.<br>Written By: Teenu Tom (Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-13 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Teenu Tom (Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-14 |
| 17 | കൃഷി ഭവൻ കെട്ടിടത്തിന്റെ വാടക-രേഖകൾ ഹാജരാക്കിയില്ല<br>Written By: A.D.Beena (Asst. Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-15 |

| | | |
|---|---|---|
| 18 | അഗതി ആശ്രയ<br>Written By: A.D.Beena (Asst. Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-16 |
| 19 | സുഭിക്ഷകേരളം-അടുക്കളത്തോട്ടം(ജനറൽ)-അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-17 |
| 20 | സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല<br>Written By: Teenu Tom (Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-18 |
| 21 | ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചില്ല-അധികചെലവിനിടയാക്കി<br>Written By: A.D.Beena (Asst. Audit Officer, On 15-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-19 |
| 22 | നെൽവിത്ത് സബ്സിഡി- അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 15-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-20 |
| 23 | സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ട് നടപ്പാക്കി<br>Written By: Sreedevi.R (Senior Grade Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-21 |
| 24 | ഐ.കെ.എം. വിഹിതം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: A.D.Beena (Asst. Audit Officer, On 16-06-2022)<br>Last Updated By: A.D.Beena (Asst. Audit Officer, On 16-06-2022) | 1-22 |
| 25 | മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: A.D.Beena (Asst. Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-23 |
| 26 | സുഭിക്ഷകേരളം-അടുക്കളത്തോട്ടം(എസ്.സി)-അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-24 |
| 27 | വി.ഇ.ഒ. നടപ്പാക്കിയ കുടിവെള്ള കിണർ പ്രോജക്ട് – സബ്സിഡി അധികം നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-25 |
| 28 | ബി.പി.എൽ. കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് നിർമ്മാണം- ഒരേ ഗുണഭോക്താവിന് രണ്ട് തവണ ധനസഹായം നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-26 |
| 29 | ലൈഫ് ഭവന നിർമ്മാണം- 2018 ൽ ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല<br>Written By: Sreedevi.R (Senior Grade Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-27 |
| 30 | കാലിവീപ്പയുടെ വില തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-28 |
| 31 | എർത്ത് വർക്ക് എക്സ്കവേഷന്-അധിക നിരക്ക് നൽകി<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-29 |
| 32 | ഓഡിറ്റ് ഇമ്പാക്ട്- നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല.<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-30 |
| 33 | ഓഡിറ്റ് ഇമ്പാക്ട് -ടെണ്ടർ വ്യത്യാസം അധികം നൽകിയതുക തിരികെ അടച്ചു<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 17-06-2022) | 1-31 |
| 34 | മുദ്രപ്പത്ര തിയതിക്ക് മുമ്പേ കരാറിലേർപ്പെട്ടു<br>Written By: C.C Jyothimon (Audit Officer, On 16-06-2022) | 1-32 |

| | | |
|---|---|---|
| | Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | |
| 35 | എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല.<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 1-33 |
| 36 | തൊഴിലുറപ്പ് പദ്ധതി- കയർഭൂവസ്ത്രംവിരിക്കൽ അധികം തുക നൽകി<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-34 |
| 37 | തൊഴിലുറപ്പുപദ്ധതി-GSTസ്രോതസിൽ നിന്നും കുറവു ചെയ്യുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 1-35 |
| 38 | വി.ഇ.ഒ. നടപ്പാക്കിയ ലൈഫ് മിഷൻ മൂന്നാംഘട്ടം-സ്ഥലം വാങ്ങൽ-ഭൂമിയുടെ മൂല്യം നിർണ്ണയിച്ചില്ല<br>Written By: Sreedevi.R (Senior Grade Auditor, On 17-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 17-06-2022) | 1-36 |
| 39 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം അപര്യാപ്തം<br>Written By: Sreedevi.R (Senior Grade Auditor, On 16-06-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 17-06-2022) | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചില്ല-അധികചെലവിനിടയാക്കി<br>Written By: A.D.Beena (Asst. Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 3-1 |
| 2 | വി.ഇ.ഒ. നടപ്പാക്കിയ കുടിവെള്ള കിണർ പ്രോജക്ട് – സബ്സിഡി അധികം നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 3-2 |
| 3 | കാലിവീപ്പയുടെ വില തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 3-3 |
| 4 | ബി.പി.എൽ. കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് നിർമ്മാണം- ഒരേ ഗുണഭോക്താവിന് രണ്ട് തവണ ധനസഹായം നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 3-4 |
| 5 | എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല.<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 3-5 |
| 6 | തൊഴിലുറപ്പ് പദ്ധതി- കയർഭൂവസ്ത്രംവിരിക്കൽ അധികം തുക നൽകി<br>Written By: C.C Jyothimon (Audit Officer, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 3-6 |
| 7 | ടെണ്ടർ വ്യത്യാസം അധികം നൽകി.<br>Written By: C.C Jyothimon (Audit Officer, On 17-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 17-06-2022) | 3-7 |
| 8 | സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല<br>Written By: C.C Jyothimon (Audit Officer, On 18-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 3-8 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 11-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 11-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 15-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 15-06-2022) | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 11-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 11-06-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 11-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 11-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 11-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 11-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 11-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 16-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: C.C Jyothimon (Audit Officer, On 11-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 11-06-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 15-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 17-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 16-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 18-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 11-06-2022)<br>Last Updated By: C.C Jyothimon (Audit Officer, On 11-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 9.3.2020 ലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 5.2.2021ലെ 5-ാം തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 153181000 | 152656000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 171802645 | 154675228 |

## 1-1-1 ബജറ്റ്-അവലോകനം

2020-21വർഷത്തെ ബജറ്റ് 9.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 5.2.2021ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.
2.ബജറ്റിന്റെ പരിശോധന
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ ബജറ്റ് 2020ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.
3.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2308001 | മറ്റ് നടത്തിപ്പ് മെയിന്റനൻസ് ചെലവുകൾ | 100,000/- | 1,00,000/- | 228415 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (16/14.06.2022) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

സംസ്ഥാന തലത്തിൽ സാങ്കേതിക ക്രമീകരണങ്ങൾ വരുത്തുന്നതിൽ കാലതാമസം നേരിട്ടതു മൂലം ഗ്രാമ പഞ്ചായത്തിന് വാർഷിക ധനകാര്യ പത്രിക 05.07.2022-ൽ മാത്രമാണ് എയിംസിൽ ഇ-സബ്മിറ്റ് ചെയ്യാൻ സാധിച്ചത്.

## 1-2-1 വാർഷിക കണക്കിലെ ന്യൂനതകൾ

വാർഷിക കണക്കുമായി ബന്ധപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1)താഴെ ചേർക്കുന്നവയുടെ ചെലവ്- ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്ക് ,സുലേഖ ചെലവ് പത്രിക എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക കണക്ക് I-6 പ്രകാരം(source Deduction,capital Contribution എന്നിവ ഉൾപ്പടെ) | സുലേഖ ചെലവ് പത്രിക പ്രകാരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | വികസനഫണ്ട്(ജനറൽ) | 21155225 | 22642098 | 21155225 |
| 2 | മെയിന്റനൻസ് ഫണ്ട്(റോഡ്) | 3680017 | 3829980 | 3680017 |
| 3 | വികസനഫണ്ട്(ധനകാര്യകമ്മീഷൻഅവാർഡ്, Tied) | 1568879 | 1681317 | 1568879 |
| 4 | | | | |

2.വികസനഫണ്ട് (എസ്.സി.പി)- ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവ പ്രകാരം 381863/-രൂപ അധികം ചെലവഴിച്ചതായി കാണുന്നു.

3)കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011,പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2020-21 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ,കണ്ടിൻജന്റ് ബാദ്ധ്യതകൾ,ധനസഹായ റിപ്പോർട്ടുകൾ,മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ

ബി)റൂൾ 62(2)(എഫ്)പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ

സി)റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തിയിട്ടില്ല.

4) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Beneficiary Contribution ഇനത്തിൽ 825851/-രൂപ നിലനിൽക്കുന്നു. ഏതൊക്കെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ , എത്ര വീതം തുകയുണ്ടെന്നുള്ളതിന്റെ വിശദവിവരം ലഭ്യമാക്കിയില്ല.

5) പഞ്ചായത്തിൽ ILGMS നിലവിൽ വരുന്നത് 6.10.2020മുതൽക്കാണ്. 5.10.2020 ലെ സാംഖ്യ നീക്കിയിരുപ്പും 6.10.2020 ലെ ILGMS മുന്നിരുപ്പും തമ്മിൽ താഴെ ചേർക്കുന്ന വ്യത്യാസം അക്കൗണ്ടുകളിൽ നിലനിൽക്കുന്നു.

| അക്കൗണ്ട് | 5.10.2020 ലെ സാംഖ്യ നീക്കിയിരുപ്പ് | 6.10.2020 ലെ ILGMS മുന്നിരുപ്പ് | റിമാർക്ക്സ് |
|---|---|---|---|
| ഫെഡറൽ ബാങ്ക്,തലവടി (തനത് ഫണ്ട്) | 774847 | 0 | അക്കൗണ്ട് നം.10380100214679 |
| സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്,എടത്വ | 23005 | 47305(അക്കൗണ്ട് നം.40081101006786)<br>1028562(അക്കൗണ്ട് നം.40081101000026) | തുക 2 അക്കൗണ്ടുകളിലായി നിലനിർത്തിയിരിക്കുന്നു. |
| ട്രഷറി -Own Fund | 263856 | 796561 | അക്കൗണ്ട് നം.<br>67378504002 |
| NREGS | 22144 | NIL | അക്കൗണ്ട് നം.67081405030(എസ്.ബി.ഐ) |
| ട്രഷറി - Joint Venture | 1660846 | 1720846 | അക്കൗണ്ട് നം.799011400001569 |
| ട്രഷറി - Spl TSB | 0 | 0 | അക്കൗണ്ട് നം.799013000000174<br>അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 31.3.21 ൽ 859165 നീക്കിയിരുപ്പ് ഉണ്ട്. |

6) വസ്തു നികുതി കളക്ഷൻ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളും സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7)ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-4 പ്രകാരം License Fees For Factories,Traders,Enterpreneurs And Other Services എന്നയിനത്തിൽ തൻവർഷ ഡിമാന്റ് 190000/- രൂപ. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് 187910/- രൂപ. (മുൻവർഷ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള അഡ്വാൻസ് കളക്ഷൻ123510/- രൂപ ).

8)ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1 പ്രകാരം പ്രകാരം Profession Tax-Employees ഇനത്തിൽ 1609220/-രൂപയാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രജിസ്റ്ററിൽ ഈയിനത്തിൽ 1609080/-രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. 140/-രൂപയുടെ വ്യത്യാസം നിലവിൽക്കുന്നു.

9) താഴെ ചേർക്കും പ്രകാരം ഡിപ്പോസിറ്റ് രജിസ്റ്ററിലെ വരവ് , വാർഷികകണക്കിലെ വരവ് തുക തമ്മിൽ യോജിക്കുന്നില്ല.

| ഇനം | രജിസ്റ്ററിലെ തുകകൾ | വാർഷികകണക്കിലെ തുക<br>RP-33 | റിമാർക്ക്സ് |
|---|---|---|---|
| Bidders EMD | 152404 | 177090 | |
| Contractors EMD | - | - | രജിസ്റ്ററിൽ Abstract തയ്യാറാക്കിയിട്ടില്ല |

10) വാർഷികകണക്ക് പ്രകാരം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് 000124 നം അക്കൗണ്ടിൽ -1101 രൂപ നീക്കിയിരുപ്പ് ഉണ്ട്. എന്നാൽ ഈ അക്കൗണ്ട് നിലവിലില്ല.

11) സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് 40081101000026നം അക്കൗണ്ടിന്റെ പാസ്ബുക്ക് നീക്കിയിരുപ്പും(1816922/-)

വാർഷികകണക്കിലെ നീക്കിയിരുപ്പം(1561630/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

12) പ്രോജക്ട് നം.S0195/21 ,തെരുവ് വിളക്ക് ലൈൻ നീട്ടൽ എന്ന പ്രവർത്തിക്കായി കെ.എസ്.ഇ.ബി.എടത്വയ്ക്ക് നൽകിയ 152023/- രൂപയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭിച്ചത് 2/2022 ൽ മാത്രമാണ്. എന്നാൽ പ്രസ്തുത ചെലവ് Capital Work In Progress ൽ ഉൾപ്പെടുത്തി അസറ്റ് ഹെഡിലേക്ക് 2021 ൽ തന്നെ മാറ്റിയിരിക്കുന്നു.

13)ട്രഷറി സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ട് (കോവിഡ്)നം.799012900000176 പാസ്ബുക്ക് സ്റ്റേറ്റ്മെന്റ് പ്രകാരം,

5.10.2020 ലെ നീക്കിയിരുപ്പ് - 627736

എന്നാൽ,6.10.2020ലെ ILGMSലെ മുന്നിരുപ്പ് -522087.

വ്യത്യാസം വിശദീകരിച്ചിട്ടില്ല.
വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/14.6.22)മറുപടി ലഭ്യമാക്കിയില്ല. വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

AIMS ൽ ഇ-സബ്മിറ്റ് ചെയ്ത ധനകാര്യ പത്രികയിൽ കണ്ടെത്തിയ പൊരുത്തക്കേടുകൾ

ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്ന ധനകാര്യ പത്രികയും AIMS ൽ ഇ-സബ്മിറ്റ് ചെയ്ത ധനകാര്യ പത്രികയും പരിശോധിച്ചതിൽ മാന്വലായി സമർപ്പിച്ച പത്രികയിൽ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രികയിൽ ഉൾപ്പെട്ടിരുന്ന പല തുകകളും ഇ-സബ്മിറ്റ് ചെയ്തതിൽ -Veആയി രേഖപ്പെടുത്തിയിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | മാന്വലായി സമർപ്പിച്ച പത്രിക | ഇ-സബ്മിറ്റ് ചെയ്ത ധനകാര്യ പത്രിക |
|---|---|---|---|
| 1 | ഗ്രോസ് ഇൻകം സർപ്ലസ്/ഡെഫിസിറ്റ് | 17127417 | (-)17127417 |
| 2 | D – Prior Period Income I-19 | ആകെ വരവ് ചെലവുകൾക്ക് ശേഷം പ്രത്യേകമായി ഉൾപ്പെടുത്തി കുറവ് ചെയ്തിരിക്കുന്നു | ഷെഡ്യൂളുകളോടൊപ്പം തൻവർഷത്തെ വരവ് ഭാഗത്ത് വരവായി ഉൾപ്പെടുത്തിയിരിക്കുന്നു |
| 3 | Gross Surplus / Deficit Of Income Over Expenditure | 00 | (-)15495670 |
| 4 | Transfer To Reserve Funds/Prior Period Item(ILGMS) | 00 | (-)1925327.00 |
| 5 | Net Balance Being Surplus/ Deficit Carried Over To Balance Sheet (Panchayat Fund) | 00 | (-)1631747.00 |

മേൽ സൂചിപ്പിച്ചത് കൂടാതെ ഇ-സബ്മിറ്റ് ചെയ്ത പത്രികയിലെ ഷെഡ്യൂളുകളോടൊപ്പം വെച്ചിട്ടുള്ള സംക്ഷിപ്തത്തിൽ താഴെ പറയുന്ന പൊരുത്തക്കേടുകൾ കാണുന്നു.

| ക്രമ നമ്പർ | ഇനം | മാന്വലായി സമർപ്പിച്ച പത്രിക | ഇ-സബ്മിറ്റ് ചെയ്ത ധനകാര്യ പത്രിക |
|---|---|---|---|
| 1 | E- (C-D) Net Balance Being Surplus/ Deficit Carried Over To Balance Sheet (Panchayat Fund) | 1487510 | 15495670 |
| 2 | Net Difference (Prior Period Income) | I-19, 2253907 | I-18, I-19 2218907 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9072277 |
| വരവ് | 79675136 |
| ആകെ | 88747413 |
| ചെലവ് | 72180291 |
| നീക്കിയിരിപ്പ് | 16567122 |
| വരവിനങ്ങളിലെ നഷ്ടം | 00 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31554 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 898980 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ഉറവിട ത്തിൽ കുറവ് ചെയ്തത് | ആകെ | ഉറവിട ത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21076043 | 1665957 | 22742000 | 1665957 | 19489268 | 1586775 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 4351020 | 160980 | 4512000 | 160980 | 4732883 | -381863 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 67000 | 00 | 67000 | 00 | 00 | 67000 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 8287000 | 00 | 8287000 | 00 | 8287000 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 3766516 | 00 | 3766516 | 00 | 3680017 | 86499 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 14333293 | 00 | 14333293 | 00 | 8614763 | 5718530 (ലാപ്സ്ഡ്) |

പട്ടികയിൽ പരാമർശിച്ചിട്ടുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രികയും തമ്മിലുള്ള വ്യത്യാസം ഖണ്ഡിക 1-2-ൽ പരാമർശിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാ രംലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് എണ്ണം | നടപ്പാ ക്കാത്തവ എണ്ണം | പൂർത്തീക രിച്ച പ്രോജ ക്റ്റു കളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 175 | 96205175 | 132 | 55045676 | 14 | 29 | 75 |

## 1-6 തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 768215 | 1561315 | 2329530 | 2327210 | 2320 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 42227606 | 42227606 | 42227606 | 00 |
| ആകെ | 768215 | 43788921 | 44557136 | 44554816 | 2320 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതി യുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
| തൊഴിൽരഹിത വേതനം | 24480 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 16845600 | 477 |
| വിധവാപെൻ ഷൻ | 7597300 | 528 |
| വാർദ്ധക്യകാല പെൻഷൻ | 22603900 | 1574 |
| വികലാംഗപെൻഷൻ | 4118700 | 271 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 370600 | 28 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.06.2022 ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 790/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്ററിൽ പൂർണ്ണമായും എല്ലായിനങ്ങളുടേയും സംക്ഷിപ്ത വിവരം എഴുതി സൂക്ഷിക്കുന്നില്ല.

5. തൊഴിൽ നികുതി രജിസ്റ്ററിൽ, കുടിശികയുള്ള സ്ഥാപനങ്ങളുടെ ഡിമാന്റും കളക്ഷനും "0" എന്ന് രേഖപ്പെടുത്തി ഡിമാന്റ് തുക തന്നെ കളക്ട്ചെയ്തതായി രേഖപ്പെടുത്തിയാണ് ഡി.സി.ബി തയ്യാറാക്കിയിട്ടുള്ളത്.

6. മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റുകളിൽ പലതിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല.

## 1-10 ലൈസൻസ് പരിശോധന- അപാകതകൾ

1.)1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല, ചട്ടം 10, പ്രകാരം വർഷാവസാനത്തിനു 30 മുപ്പതുദിവസത്തിനു മുൻപ് നിശ്ചിതഫീസ് പഞ്ചായത്തിൽ ഒടുക്കി ലൈസൻസ് പുതുക്കേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ ചെറിയാൻ കെ ഈപ്പൻ, കരിമ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഫ്യുവൽ സ്റ്റേഷൻ (കെട്ടിട നം.7/410) 2020-21 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല ഓഡിറ്റ് അന്വേഷണം ( നം.7/14.06.22) , തുക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2.) ലൈസൻസ് ഫീ കുറവ്, ക്ലിയറൻസ് സർട്ടിഫിക്കറ്റ് നേടിയതായി കാണുന്നില്ല.

അലക്സ് ജോർജ് ചക്കാലയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ലിസ് ലിയോ ഇൻഡേൻ സർവ്വീസസ് (ലൈസൻസ് നം. എ5-793/2020-21, തീയതി 1/4/2020) എന്ന എൽ.പി.ജി ഏജൻസി സ്ഥാപനത്തിൽ നിന്നും 24/2/20 തീയതിയിലെ രസീത് നം. 119030104034 പ്രകാരം 500/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്, കൂടാതെ ഫയർ & സേഫ്റ്റി ഡിപ്പാർട്ട്മെന്റിന്റെ ക്ലിയറൻസ് നേടിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.7/14.06.22) മറുപടി ലഭ്യമാക്കിയില്ല. ക്ലിയറൻസ് രേഖകൾ ഹാജരാക്കേണ്ടതാണ്.

മൂലധനനിക്ഷേപത്തിനാനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

## 1-11 ഗുണഭോക്തൃവിഹിതം കൃത്യസമയത്ത് പഞ്ചായത്തിൽ ഒടുക്കുന്നില്ല

കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. എന്നാൽ കൃഷി ഓഫീസറുടെ രസീത് ബുക്കുകൾ പരിശോധിച്ചതിൽ ഗ്രോബാഗ് വിതരണത്തിനായുള്ള ഗുണഭോക്തൃവിഹിതം സമാഹരിച്ചത് അതാത് ദിവസമോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/14.06.22) മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് ബുക്ക് നം(രസീത് നം) | രസീത് ബുക്ക് പ്രകാരം തീയതി (കളക്ഷൻ തുക) | പഞ്ചായത്തിൽ ഒടുക്കിയ രസീത് നം, തീയതി, തുക |
|---|---|---|---|
| 1 | 56470 (1-100) | 15/11/2021 മുതൽ 3/12/2021 വരെയുള്ള കളക്ഷൻ | 1210102197, 4/12/21, 20,000/- |
| | | 15/11/2021(600) | |
| | | 16/11/2021(400) | |
| | | 17/11/2021 (200) | |
| | | 18/11/2021 (400) | |
| | | 22/11/2021 (1000) | |
| | | 23/11/2021 (2800) | |
| | | 24/11/2021 (1200) | |
| | | 26/11/2021 (1800) | |
| | | 27/11/2021 (1400) | |
| | | 30/11/2021 (5600) | |
| | | 1/12/2021 (600) | |
| | | 2/12/2021 (200) | |
| | | 3/12/2021 (3800) | |
| 2 | 584(1-100) , 588(1-100) , 591(1-100) , 592(1-100) | 10/12/21 മുതൽ 28/2/22 വരെയുള്ള കളക്ഷൻ | 1210103971, 8/3/22, 80,000/- |
| | | 10/12/2021(400) | |
| | | 13/12/2021(400) | |
| | | 14/12/2021 (1600) | |
| | | 15/12/2021 (2400) | |
| | | 17/12/2021 (2600) | |
| | | 21/12/2021 (2600) | |
| | | 27/12/2021 (3200) | |
| | | 28/12/2021 (3600) | |
| | | 2/1/2022(200) | |
| | | 3/1/2022 (3000) | |
| | | 5/1/2022(3600) | |
| | | 7/1/2022(3000) | |
| | | 11/1/2022 (1800) | |
| | | 17/1/2022 (2400) | |
| | | 20/1/2022 (2400) | |
| | | 24/1/2022(2600) | |
| | | 25/1/2022 (2200) | |
| | | 27/1/2022 (1600) | |

| | | | |
|---|---|---|---|
| | | 28/1/2022(3000) | |
| | | 2/2/2022(2600) | |
| | | 4/2/2022 (1400) | |
| | | 8/2/2022 (2600) | |
| | | 11/2/2022 (2800) | |
| | | 14/2/22 (2200) | |
| | | 18/2/2022 (5400) | |
| | | 23/2/2022(1600) | |
| | | 24/2/2022(1600) | |
| | | 25/2/2022 (600) | |
| | | 26/2/2022 (82-00) | |
| | | 28/2/2022 (7800) | |
| 3 | 596(1-100) | 8/3/22 മുതൽ 16/3/22 വരെയുള്ള കളക്ഷൻ | 1210104124, 19/3/22, 20,000/- |
| | | 8/3/22(5000) | |
| | | 9/3/22(4200) | |
| | | 10/3/22(1600) | |
| | | 11/3/22(1800) | |
| | | 14/3/22(1400) | |
| | | 15/3/22(1400) | |
| | | 16/3/22(4400) | |
| 4 | 597(1-100) | 21/3/22 മുതൽ 25/3/22 വരെയുള്ള കളക്ഷൻ | 1210104290, 26/3/22, 20,000/- |
| | | 21/3/22(3800) | |
| | | 22/3/22(3200) | |
| | | 23/3/22(4400) | |
| | | 24/3/22 (4200) | |
| | | 25/3/22 (4400) | |
| 5 | 598(1-100) | 27/3/22 മുതൽ 30/3/22 വരെയുള്ള കളക്ഷൻ | 1210104290, 30/3/22, 20,000/- |
| | | 27/3/22(4200) | |
| | | 28/3/22(5800) | |
| | | 29/3/22 (6800) | |
| | | 30/3/22(3200) | |

2. രസീത് ബുക്ക് 598പ്രകാരം 27/3/22 (ഞായറാഴ്ച) അവധി ദിവസവും 4200 രൂപ ഗുണഭോക്തൃവിഹിതം പിരിച്ചതായി കാണുന്നു. രസീതുപയോഗിച്ച് പണം പിരിക്കുന്നതിലെ സുതാര്യത ഇല്ലായ്മയിലേക്ക് ഇത്തരം നടപടികൾ വഴിതെളിക്കുന്നതാണ്. ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ മാത്രം രസീതുപയോഗിച്ച് പണം പിരിവ് നടത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 കെട്ടിട ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പാക്കുന്നില്ല, പഞ്ചായത്തിനു നികുതി നഷ്ടം

1.)കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011, ചട്ടം 17 പ്രകാരം നികുതി നിർണ്ണയത്തിനു ശേഷം ഉപയോഗക്രമത്തിൽ മാറ്റം വന്നാൽ ആ വിവരം കെട്ടിട ഉടമ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. പുതുക്കിയ റിട്ടേൺ സമർപ്പിക്കാത്ത പക്ഷം 1000 രൂപയോ, പുതുക്കിയ നികുതി നിർണ്ണയം മൂലമുണ്ടാകുന്ന വർധനയോ, ഏതാണോ അധികം അത് പിഴയായി ഈടാക്കാവുന്നതാണ്. പുതുക്കിയ വസ്തുനികുതി അതത് അർദ്ധവർഷാരംഭം മുതൽ പ്രാബല്യത്തിൽ നിർണ്ണയിക്കേണ്ടതാണ്. സഞ്ചയ പ്രകാരം കെട്ടിടനികുതി, ലൈസൻസ് അപേക്ഷ എന്നിവ പരിശോധിച്ചതിൽ, ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/14.06.22) മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് (കെട്ടിട നം.) | സഞ്ചയ പ്രകാരം ഉപയോഗക്രമം (കണക്കാക്കിയ കെട്ടിടനികുതി) | ലൈസൻസ് അപേക്ഷ പ്രകാരം ഉപയോഗക്രമം (കണക്കാക്കേണ്ട കെട്ടിടനികുതി) | കെട്ടിട നികുതി വ്യത്യാസം |
|---|---|---|---|---|
| 1 | ഹിന്ദുസ്ഥാൻ പെട്രോളിയം(8/64) | പാർപ്പിടാവശ്യം (തറവിസ്തീർണ്ണം-138ച.മീ @ 6<br>വസ്തുനികുതി പരിമിതി- 1848<br>ലൈ.സെ-93<br>ആകെ- 1941) | പെട്രോൾ പമ്പ്<br>തറവിസ്തീർണ്ണം-138ച.മീ @ 50<br>ലൈ.സെ-345<br>6900+345=7245)<br>രസീത് നം.- 119030103776, 5/2/20<br>ലൈസൻസ് ഉടമ- കമലാസനൻ എ.ജി | 5304/- |
| 2 | കമലമ്മ/ സി. എസ്. ശ്രീകുമാർ<br>(2/211) | പാർപ്പിടാവശ്യം<br>(തറവിസ്തീർണ്ണം-90 ച. മീ @ 6<br>വസ്തുനികുതി പരിമിതി-39<br>ലൈ.സെ-51<br>486.00+25=511) | പലചരക്ക് വ്യാപാരം<br>(തറവിസ്തീർണ്ണം-90 ച. മീ @ 40<br>ലൈ.സെ-180<br>3600+180=3780)<br>രസീത് നം.- 119030104011, 20/2/20<br>ലൈസൻസ് ഉടമ- ശ്രീകുമാർ, ചെറുമുട്ടം | 3269/- |
| 3 | കോശി കുര്യൻ (6/1032) | പാർപ്പിടാവശ്യം<br>(തറവിസ്തീർണ്ണം-67 ച. മീ @ 6<br>വസ്തുനികുതി പരിമിതി-36<br>ലൈ.സെ-<br>242+13=255) | ഫോട്ടോ സ്റ്റുഡിയോ<br>(തറവിസ്തീർണ്ണം-60 ച. മീ @ 40)<br>രസീത് നം.- 119030103933, 17/2/20<br>ലൈസൻസ് നം.- എ5-657/2020-21, 1/4/2020<br>ലൈസൻസ് ഉടമ- കോശി കുര്യൻ | |
| 4 | ഉമ്മൻ വർഗീസ്(7/384) | പാർപ്പിടാവശ്യം<br>(തറവിസ്തീർണ്ണം-14.07 ച. മീ@ 6<br>ആകെ ഈടാക്കുന്ന വസ്തുനികുതി-0) | സ്റ്റുഡിയോ<br>(തറവിസ്തീർണ്ണം-14.07 ച. മീ @ 40<br>ലൈ.സെ-28<br>562.8+28=591)<br>രസീത് നം.- 119030104224, 28/2/20<br>ലൈസൻസ് നം.- എ5-995/2020-21, 1/4/2020<br>ലൈസൻസ് ഉടമ- സുഗതൻ എ എൻ | 591/- |
| 5 | സെബാസ്റ്റ്യൻ സേവ്യർ ബിന്ദു സെബാസ്റ്റ്യൻ (6/537C) | പാർപ്പിടാവശ്യം<br>തറവിസ്തീർണ്ണം-144.5 ച. മീ@ 6=867<br>വർദ്ധനവ്-20%(173.4)<br>ലൈ.സെ-53<br>867+173.4+53=1094)<br>വസ്തുനികുതി പരിമിതി- ഇല്ല | ഫ്രിഡ്ജ്, എസി, വാഷിംഗ് മെഷീൻ, മിക്സി, അലമാര എന്നിവ വിൽപ്പന നടത്തുന്നതിന്<br>(തറവിസ്തീർണ്ണം-144.5 ച. മീ @ 60<br>ലൈ.സെ-434<br>8670+434=9104)<br>രസീത് നം.- | 8010/- |

| | | | | |
|---|---|---|---|---|
| | | | 119030103953, 17/2/20<br>ലൈസൻസ് നം.- എ5-674/2020-21, 1/4/2020<br>ലൈസൻസ് ഉടമ-<br>സെബാസ്റ്റ്യൻ കെ സേവ്യർ | |

2) സഞ്ചയ പ്രകാരം കെട്ടിടനികുതി പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം ആശുപത്രിയാണെന്ന് കാണുന്നു. എന്നാൽ സ്വകാര്യ ആശുപത്രി ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇവ സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ പുതുക്കുന്നില്ല. കെട്ടിട ഉപയോഗക്രമം വ്യക്തമാക്കി മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/14.06.22) മറുപടി ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു. ഉപയോഗക്രമം വ്യക്തമാക്കി സ്വകാര്യ ആശുപത്രി ആണെങ്കിൽ രജിസ്ട്രേഷൻ പുതുക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വിശദവിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തവയുടെ ഉപയോഗക്രമത്തിന് അനുസൃതമായി നികുതി പുനർനിർണ്ണയിച്ച് വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1.) കെട്ടിട ഉടമയുടെ പേര് - സെന്റ് ഗ്രിഗോറിയസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ (കെട്ടിട നം.8/332)

2.) കെട്ടിട ഉടമയുടെ പേര് - സി.ജെ മാത്യു (കെട്ടിട നം.6/477, 6/479)

3.)കെട്ടിട ഉടമയുടെ പേര് -മദർ പ്രോവിൻഷ്യൻ, റീത്താ ഭവൻ (കെട്ടിട നം.6/776, 6/777, 778,779,780, 781, 782, 783, 784, 785, 786, 787, 788, 789, 790, 791, 792)

4.)കെട്ടിട ഉടമയുടെ പേര് -ഡോ. ജോർജ് ജോൺ(കെട്ടിട നം.7/456, 7/457, 7/466)

5.)കെട്ടിട ഉടമയുടെ പേര് -വിനോയ് ചെറിയാൻ, ജാനറ്റ് സി, കാരിംപറമ്പിൽ(കെട്ടിട നം.7/423)

## 1-13 തനതുവരുമാനത്തിനു ഒന്നിലധികം അക്കൌണ്ടുകൾ സൂക്ഷിക്കുന്നു.

സർക്കുലർ നം. 58725/ എഫ്.എം 3/ 2008/ ത.സ്വ.ഭ.വ തീയതി 26/05/2011 പ്രകാരം എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും തനതുവരുമാനം ട്രഷറി അക്കൌണ്ടിനു പുറമേ ഒരു ദേശസാൽകൃത ബാങ്ക് അക്കൌണ്ടിലോ, ഒരു സഹകരണ ബാങ്ക് അക്കൌണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും. ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൌണ്ടുകൾ നിലനിർത്തരുതെന്നും നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഇതിനു വിരുദ്ധമായി പഞ്ചായത്തിൽ താഴെ പറയുന്ന അക്കൌണ്ടുകളിലായി തനതു ഫണ്ട് സൂക്ഷിക്കുന്നു. ഇ-പേയ്മെന്റിനായി എസ്.ബി.ഐ യിൽ അക്കൌണ്ട് ഉണ്ട്. ഇതു കൂടാതെയാണ് മറ്റ് അക്കൌണ്ടുകൾ നിലവിലുള്ളത്. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/10.06.22) മറുപടിയായി ജില്ല സഹകരണ ബാങ്കിൽ നിന്നും പഞ്ചായത്തിന്റെ നിക്ഷേപങ്ങൾക്ക് പലിശ ലഭിക്കാതിരുന്നതിനാലാണ് ഫെഡറൽ ബാങ്കിന്റെ തലവടി ശാഖയിൽ പുതിയ അക്കൌണ്ട് തുടങ്ങിയത് എന്ന് അറിയിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ബാങ്കിന്റെ പേര് | അക്കൌണ്ട് നമ്പർ |
|---|---|---|
| 1 | ആലപ്പുഴ ജില്ല സഹകരണ ബാങ്ക് 4008-എടത്വ | അക്കൌണ്ട് നം. 40081101000026 |
| 2 | ഫെഡറൽ ബാങ്ക് | 10380100214679 |
| 3 | കോ- ഓപ്പറേറ്റീവ് ബാങ്ക് അക്കൌണ്ട് ഓഫ് ഓൺ റവന്യൂ ഫണ്ട് (എ.എഫ്.എസ് പ്രകാരം | അക്കൌണ്ട് നം. ലഭ്യമല്ല, തുക:- -1,101/- |
| 4 | എസ്.ബി.ഐ, ഇ-പേയ്മെന്റ് | 67378504002 |
| 5 | സബ് ട്രഷറി, എടത്വാ | 799013000000174 |

സർക്കാർ നിർദ്ദേശത്തിനനുസൃതമായി തനത് ഫണ്ട് അക്കൗണ്ട് സൂക്ഷിക്കുന്നതിന് ഇ- പേയ്മെന്റ് അക്കൗണ്ട് കൂടാതെ സഹകരണബാങ്കിലോ ദേശ സാത്കൃത ബാങ്കിലോ മറ്റൊരു അക്കൗണ്ടും കൂടാതെ ഒരു ട്രഷറി അക്കൗണ്ടു മാത്രം നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ നിർദ്ദേശപ്രകാരം അനുവദനീയമായതിൽ അധികമുള്ള തനത് ഫണ്ട് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/15.06.22) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനം | അടച്ച തുക (തുക അടച്ച അർദ്ധവർഷം) |
|---|---|---|
| 1 | സി.എച്ച്.സി, എടത്വാ | 46850 (I) |

| | | |
|---|---|---|
| 2 | സൌത്ത് ഇന്ത്യൻ ബാങ്ക് | 6550 (I) |
| 3 | കേരള ബാങ്ക്, എടത്വാ | 6250 (I) |
| 4 | സിറ്റി യൂണിയൻ ബാങ്ക് ലിമിറ്റഡ് | 7500 (I) |
| 5 | എസ്.സി.ബി നം. 13, എടത്വാ | 4100 (I) |
| 6 | മഹാജൂബിലി ഹോസ്പിറ്റൽ | 17400 (I) |
| 7 | എസ്.സി.ബി നം. 1201, കൊടുപ്പുന്ന | 1250 (II) |
| 8 | പോസ്റ്റ് ഓഫീസ്, എടത്വ | 3750 (I) |
| 9 | കൃഷിഭവൻ | 5600 (II) |

## 1-15 കൃഷി ഭവൻ കെട്ടിടത്തിന്റെ വാടക-രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം - S0222/21

പ്രോജക്ടിന്റെ പേര് - കൃഷി ഭവൻ കെട്ടിടത്തിന്റെ വാടക നൽകൽ

നിർവ്വഹണം -കൃഷി ഓഫീസർ

വകയിരുത്തൽ

മെയിന്റനൻസ് ഫണ്ട് (റോഡിതരം) -100000/-

തനത് ഫണ്ട് - 20000/-

ആകെ അടങ്കൽ -120000/-

ചെലവ് വിവരം താഴെ കൊടുക്കുന്നു.

ബിൽ നം.5/20-21/28.10.20 തുക.100000/-

കൃഷിഭവൻ കെട്ടിടത്തിന്റെ വാടകയിനത്തിൽ 100000/- രൂപ മേൽ ബിൽ പ്രകാരം സെന്റ് ജോർജ് ഫൊറാനെ ചർച്ചിന്റെ 57020542709 നം.അക്കൗണ്ടിലേക്ക് നൽകി. എന്നാൽ ടി കെട്ടിടത്തിന്റെ വാടക നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഫയൽ, എഗ്രിമെന്റ് പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/14.6.22)മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതിന് വിധേയമായി ചെലവ് തുക 100000/-രൂപ തടസ്സപ്പെടുത്തുന്നു. ഫയലും അനുബന്ധരേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 അഗതി ആശ്രയ

പ്രോജക്ട് നം - S0032/21

പ്രോജക്ടിന്റെ പേര് -അഗതി ആശ്രയ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

തനത് ഫണ്ട് - 150000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 100000/-

ആകെ അടങ്കൽ - 250000/-

ഗ്രാമ പഞ്ചായത്തിലെ നിർദ്ധനരും അശരണരും ശാരീരിക അവശതകൾ അനുഭവിക്കുന്നവരുമായ അഗതികൾക്ക് ആവശ്യമായ ആരോഗ്യസേവനവും പരിചരണവും മറ്റും നൽകുന്നതിനായി ലക്ഷ്യമിട്ട പ്രോജക്ടിൽ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 150000/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 100000/-രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

ബിൽ നം.8/20-21/29.3.21 തുക.100000/-(ജില്ലാ പഞ്ചായത്ത് വിഹിതം)

അപാകത ചുവടെ ചേർക്കുന്നു.

1) തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചില്ല.

2) ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 100000/-രൂപ സെക്രട്ടറിയുടെ തലവടി ഫെഡറൽ ബാങ്കിലുള്ള 10380100214679 നമ്പർ അക്കൗണ്ടിൽ 29.3.21 ൽ വരവ് വന്നിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കാനായി പ്രസ്തുത തുക വിനിയോഗിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/8.6.22)താഴെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.
2020-21 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് വിഹിതം 29.3.21 ലാണ് സെക്രട്ടറിയുടെ അക്കൗണ്ടിൽ ലഭിച്ചത്. ഫണ്ട് ലഭിക്കാൻ കാലതാമസം നേരിട്ടതിനാലും മാർച്ച് മാസാദ്യം കോവിഡ് നിയന്ത്രണങ്ങൾ വന്നതിനാലുമാണ് പ്രോജക്ട് 2020-21ൽ നടപ്പാക്കാതിരുന്നതിന്റെ പ്രധാന കാരണങ്ങൾ. 2021-22 ലും സ്പിൽ ഓവറായി പദ്ധതി ഏറ്റെടുത്തിരുന്നു. എന്നാൽ കോവിഡ് നിയന്ത്രണങ്ങളാൽ 2021-22ലും പ്രോജക്ട് നടപ്പിലാക്കാൻ കഴിഞ്ഞില്ല. 2022-23 സാമ്പത്തിക വർഷം പ്രോജക്ട് സ്പിൽ ഓവറാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും മറുപടി നൽകി. അഗതി-ആശ്രയ ഗുണഭോക്തൃലിസ്റ്റിൽ 113 അംഗങ്ങൾ ഉണ്ടായിരിക്കെ, അഗതികൾക്കായി വകയിരുത്തിയ പ്രോജക്ട് തുടർച്ചയായി 2 സാമ്പത്തിക വർഷങ്ങളിലും നടപ്പിലാക്കാതിരുന്നത് നിരുത്തരവാദപരമാണ്. വരും സാമ്പത്തിക വർഷങ്ങളിൽ അഗതി ആശ്രയ പ്രോജക്ട് നടപ്പിലാക്കി, തുകയുടെ വിനിയോഗവിവരം ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-17 സുഭിക്ഷകേരളം-അടുക്കളത്തോട്ടം(ജനറൽ)-അപാകതകൾ

പ്രോജക്ട് നം - S0154/21

പ്രോജക്ടിന്റെ പേര് - സുഭിക്ഷകേരളം-അടുക്കളത്തോട്ടം(ജനറൽ)

നിർവ്വഹണം -കൃഷി ഓഫീസർ

വകയിരുത്തൽ

വികസന ഫണ്ട് - 300000/-

ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) -100000/-

ആകെ അടങ്കൽ - 400000/-

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലും പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിയിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടുകൂടി ഒരു ഗുണഭോക്താവിന് 800/-രൂപ നിരക്കിൽ വിത്തും വളവും അടങ്ങിയ ഗ്രോബാഗ് 10 എണ്ണം നൽകുന്നു. ആയതിനായി വികസനഫണ്ട് 600/-രൂപയും ഗുണഭോക്തൃവിഹിതം 200/-രൂപയും വീതംചെലവഴിക്കുന്നു.

ചെലവ് വിവരം താഴെ കൊടുക്കുന്നു.

ബിൽ നം.6/20-21/28.3.21 തുക.244200/-(വികസന ഫണ്ട്)

ചെക്ക് നം.0436341/31.3.21 തുക.81400/-(ഗുണഭോക്തൃവിഹിതം)

കാർഷിക കർമ്മസേന ,പള്ളിപ്പാടിന്റെ 40281001007344 നം.അക്കൗണ്ടിൽ 244200,81400 ഒട്ടാകെ 325600/-രൂപ നൽകി.

കാർഷിക കർമ്മസേന, പള്ളിപ്പാടിന്റെ 7/9/20ലെ ബിൽ നം.3 പ്രകാരം ഗ്രോബാഗിന്റെ വാങ്ങൽ വിവരം ചുവടെ കൊടുക്കുന്നു.

| Item | Rate | Qty | Amount |
|---|---|---|---|
| Growbags 10 Nos<br>1 Unit<br>@80/- Per Bag<br>800/- | 800 | 500 | 400000/- |

അപാകതകൾ താഴെ ചേർക്കുന്നു.

1) സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
2)ഗുണഭോക്താക്കളുടെ അപേക്ഷ,അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല.

3) വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല.
ഗ്രോബാഗിനുള്ള ഗുണഭോക്തൃവിഹിതം ഒടുക്കിയ ഗുണഭോക്താക്കളുടെ പേര് വിവരം ചേർത്തിട്ടുള്ള രജിസ്റ്ററിൽ ഗുണഭോക്താക്കൾ ഗ്രോ ബാഗ് കൈപ്പറ്റിയതായുള്ള രേഖപ്പെടുത്തലുകളോ ഗുണഭോക്താക്കളുടെ ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല. ഗ്രോ ബാഗ് വിതരണം ചെയ്തതിന് ആധികാരിക രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/14.6.22)മറുപടി ലഭ്യമാക്കിയില്ല. 325600/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല

1.) സർക്കുലർ നം 67/2020/ ധന തീയതി 5/11/20 പ്രകാരം മരണപ്പെടുന്നവരെയും, നിശ്ചിത മാനദണ്ഡപ്രകാരം അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനു നിർദേശിച്ചിരിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തതായി കാണുന്നില്ല. ശ്രദ്ധയിൽപ്പെട്ട ഏതാനും ചിലരുടെ വിശദാംശം താഴെ കൊടുക്കുന്നു. ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/15.06.22) മറുപടി ലഭ്യമാക്കിയില്ല. അനർഹമായ കാലയളവിലേക്ക് നൽകിയ തുക തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മരണപ്പെടുന്നവരെയും, നിശ്ചിത മാനദണ്ഡപ്രകാരം അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി സസ്പെൻഡ് ചെയ്യാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/രജിസ്ട്രേഷൻ തീയതി | അനർഹമായ കാലയളവ് | അനർഹമായി കൈപ്പറ്റിയ തുക | |
|---|---|---|---|---|---|---|
| | | | | | അക്കൌണ്ടിൽ നിക്ഷേപിച്ച തുക | അക്കൌണ്ടിൽ നിക്ഷേപിക്കാൻ സാധിക്കാത്ത തുക |
| 1 | പി. വി പുരുഷോത്തമൻ, പതിനെട്ടിൽചിറ | വാർദ്ധക്യകാലപെൻഷൻ/ 104530200985 | 2.3.2020/ 16.3.2020 | 4/2020 - 5/2022 | 38920/- | 0 |
| 2 | അക്കാമ്മ ചാണ്ടപിള്ള, കറുകയിൽ വീട് | വാർദ്ധക്യകാലപെൻഷൻ/ 104530200598 | 7.6.20/11.6.2020 | 7/2020 - 4/2021 (തുക അക്കൌണ്ടിൽ നിക്ഷേപിച്ചു) | 15100/- | 20800/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | 5/2021 -5/2022 (തുക അക്കൌണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല) | | |
| 3 | അന്നമ്മ ഹില്ലാരിയോസ്, തോട്ടുകടവിൽ, കോയിൽമുക്ക് | വാർദ്ധക്യകാലപെൻഷൻ/ 104530200691 | 15.03.2020/ 2.4.2020 | 4/2020- 11/2020 (തുക അക്കൌണ്ടിൽ നിക്ഷേപിച്ചു)<br>12/2020- 4/21 (തുക അക്കൌണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല)<br>5/21- 5/22 (തുക അക്കൌണ്ടിൽ നിക്ഷേപിച്ചു) | 10620 + 28300=38920/- | 9000/- |
| 4 | കുട്ടിയമ്മ, കറുകയിൽ, കോയിൽമുക്ക് | വാർദ്ധക്യകാല പെൻഷൻ/ 104530200063 | 13.4.2020/22.5.2020 | 5/2020-5/2022 | 38900/- (ഡയറക്റ്റ് ടു ഹോം) | |
| | ആകെ കൈപ്പറ്റിയ തുക | | | | 131840 | |

2.) സർക്കുലർ നം 63/2021/ ധന തീയതി 2/8/21 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും, പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണം നടത്തി അത്തരക്കാരെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതാണ് എന്ന് നിർദേശിച്ചിരിക്കുന്നു. മീനാക്ഷിവാസു, മണ്ണാരുപറമ്പിൽ (മരിച്ച തീയതി/രജിസ്ട്രേഷൻ തീയതി- 4.2.2020/19.2.2020) (പെൻഷൻ ഐഡി- 104530200983) എന്ന വ്യക്തിയുടെ വാർദ്ധക്യകാലപെൻഷൻ (ഡയറക്റ്റ് ടു ഹോം) അക്കൌണ്ട് നിലവിലും ആക്ടീവ് ആണെന്ന് കാണുന്നു. അക്കൌണ്ട് സസ്പെന്റ് ചെയ്യാത്തതിനാൽ ഡയറക്റ്റ് ടു ഹോം പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സർവ്വീസ് സഹകരണബാങ്കുകളിലെ അക്കൌണ്ടുകളിലേക്ക് നിലവിലും നൽകിക്കൊണ്ടിരിക്കുന്നു.(8/2019 മുതൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുന്നു) അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/15.06.22) മറുപടി ലഭ്യമാക്കിയില്ല. അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-19 ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചില്ല-അധികചെലവിനിടയാക്കി

പ്രോജക്ട് നം - S0003/21

പ്രോജക്റ്റിന്റെപേര് -പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

<u>വകയിരുത്തൽ</u>

വികസനഫണ്ട് - 75000/-,തനത് ഫണ്ട് - 125000/-, ആകെ അടങ്കൽ -200000/-

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് ചെലവ് എന്ന മേൽ പ്രോജക്റ്റിൽ തനത് ഫണ്ടിൽ നിന്നും, വികസനഫണ്ടിൽ നിന്നുമായി വിവിധ ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ചു കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തുക നൽകിയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽനം/തീയതി | ബിൽ തുക | അർഹമായ ഡിസ്കൌണ്ട് (15%) | ചെക്ക്നം./ തീയതി |
|---|---|---|---|---|
| കേരളകൗമുദി | BLALP00071013/20.2.21 | 6418 | 963 | 0436336/29.3.21 |
| കേരളകൗമുദി | BLALP00070818/ 7.2.21 | 9576 | 1436 | 0436336/29.3.21 |
| കേരളകൗമുദി | BLALP00069891/29.10.20 | 12835 | 1925 | 3059/11.11.20 |
| കേരളകൗമുദി | BLALP00069439/13.9.20 | 14440 | 2166 | 823/-(ചെക്ക് |

| | | | | |
|---|---|---|---|---|
| | | | | നം.3058/11.11.20) |
| കേരളകൗമുദി | BLALP00069180/15.8.20 | 9626 | 1444 | 36079/-(ബിൽ നം.53/20-21 /18.11.20) |
| കേരളകൗമുദി | BLALP00069334/22.8.20 | 6418 | 963 | |
| കേരളകൗമുദി | BLALP00069022/18.7.20 | 6418 | 963 | |
| കേരളകൗമുദി | BLALP00068017/13.2.20 | 9558 | 1434 | 27081/-(ബിൽ നം.18/20-21 /11.6.20) |
| കേരളകൗമുദി | BLALP00068278/6.3.20 | 9558 | 1434 | |
| കേരളകൗമുദി | ALPBCH068928/26.5.20 | 7965 | 1195 | |
| | ആകെ | | 13923 | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 13923/-രൂപയുടെ അധികചെലവ് ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/15.6.22)മറുപടി ഹാജരാക്കിയില്ല.അധികചെലവ് 13923/-രൂപ നിരാകരിക്കുന്നു.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 നെൽവിത്ത് സബ്സിഡി- അപാകതകൾ

പ്രോജക്റ്റ് നം - S0044/21

പ്രോജക്റ്റിന്റെ പേര് - നെൽവിത്ത് സബ്സിഡി

നിർവ്വഹണം -കൃഷി ഓഫീസർ

<u>വകയിരുത്തൽ</u>

വികസന ഫണ്ട് - 974731/-

ധനകാര്യ കമ്മീഷൻ അവാർഡ് - 25299/-

ആകെ അടങ്കൽ - 1000030/-

ഗ്രാമ പഞ്ചായത്തിലെ 57 പാടശേഖരങ്ങളിലെ കർഷകർക്ക് നെൽകൃഷി വികസനത്തിനായി പുഞ്ച കൃഷിക്ക് കേരള സീഡ് അതോറിറ്റിയിൽ നിന്നോ , നാഷണൽ സീഡ് കോർപറേഷനിൽ നിന്നോ പാടശേഖരങ്ങൾക്ക് ഹെക്ടറിന് 100കി.ഗ്രാം വീതം നെൽവിത്ത് വാങ്ങി കർഷകർക്ക് വിതരണം ചെയ്യുന്നു.

പീടികയിൽ അഗ്രിക് ഏജൻസീസ്, എടത്വയിൽ നിന്നും നെൽവിത്ത് വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Bill No/date | Item | Qty | Rate | Amount |
|---|---|---|---|---|
| 101/20.10.20 | Uma | 5680kg | 42 | 238560 |
| 102/20.10.20 | Uma | 2600kg | 42 | 109200 |
| 103/20.10.20 | Uma | 2520kg | 42 | 105840 |
| 104/20.10.20 | Uma | 5500kg | 42 | 231000 |
| 105/20.10.20 | Uma | 2800kg | 42 | 117600 |
| 106/20.10.20 | Uma | 2600kg | 42 | 109200 |
| 108/20.10.20 | Uma | 3000kg | 42 | 126000 |
| 109/20.10.20 | Uma | 3180kg | 42 | 133560 |
| 110/20.10.20 | Uma | 702kg | 42 | 29484 |
| 111/20.10.20 | Uma | 1172kg | 42 | 49257 |
| 112/20.10.20 | Uma | 1484kg | 42 | 62328 |
| 113/20.10.20 | Uma | 1218kg | 42 | 51156 |
| 115/20.10.20 | Uma | 509kg | 42 | 21378 |
| 116/20.10.20 | Uma | 2200kg | 42 | 92400 |
| 117/20.10.20 | Uma | 1350kg | 42 | 56700 |
| 119/20.10.20 | Uma | 4800kg | 42 | 201600 |
| 120/20.10.20 | Uma | 5500kg | 42 | 231000 |
| 122/20.10.20 | Uma | 338kg | 42 | 14196 |
| 123/20.10.20 | Uma | 4300kg | 42 | 180600 |
| TOTAL AMOUNT | | | | 2161059 |

Kerala State Seed Development Authority, തൃശ്ശൂർ നിന്നും നെൽവിത്ത് വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Bill No/date | Item | Qty | Rate | Amount |
|---|---|---|---|---|
| 1064/2.11.20 | Uma | 10000kg | 42 | 420000 |
| 1086/2.11.20 | Uma | 10000kg | 42 | 420000 |
| 1090/2.11.20 | Uma | 10000kg | 42 | 420000 |
| 1218/16.11.20 | Uma | 12000kg | 42 | 504000 |
| 1226/16.11.20 | Uma | 870kg | 42 | 36540 |
| 1260/20.11.20 | Uma | 10020kg | 42 | 420840 |
| 1261/20.11.20 | Uma | 10020kg | 42 | 420840 |
| 1233/30.1.21 | Uma | 9000kg | 42 | 378000 |
| 1233(1)/30.1.21 | Uma | 9000kg | 42 | 378000 |

| | | | | |
|---|---|---|---|---|
| 1462/23.1.21 | Uma | 5010kg | 42 | 210420 |
| 1233(2)/15.2.21 | Uma | 6960kg | 42 | 292320 |
| TOTAL AMOUNT | | | | 3900960 |

KSSDA യ്ക്ക് തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | തുക |
|---|---|
| 3293/28.1.21 | 370370 |
| 4207/29.3.21 | 270679 |
| ആകെ തുക | 307749 |

പീടികയിൽ അഗ്രിക് ഏജൻസീസിന് തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | തുക |
|---|---|
| 3293/28.1.21 | 128763 |
| 4207/29.3.21 | 204919 |
| ആകെ തുക | 333682 |

അപാകതകൾ താഴെ ചേർക്കുന്നു.

1) പാടശേഖരസമിതികളുടെ അപേക്ഷ,അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല.

2) നെൽ വിത്ത് സ്റ്റോക്കിലെടുത്തതിന്റെ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3) വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല.

4) കേരള സീഡ് അതോറിറ്റിയിൽ നിന്നോ , നാഷണൽ സീഡ് കോർപറേഷനിൽ നിന്നോ നെൽ വിത്ത് വാങ്ങുന്നതിനാണ് പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുള്ളത്. എന്നാൽ പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പീടികയിൽ അഗ്രിക് ഏജൻസീസ്, എടത്വയിൽ നിന്നും നെൽ വിത്ത് വാങ്ങി.

5) Kerala State Seed Development Authority, തൃശ്ശൂർ നിന്നും നെൽവിത്ത് വാങ്ങിയതിന്റെ വില - 3900960/-

പീടികയിൽ അഗ്രിക് ഏജൻസീസ്, എടത്വയിൽ നിന്നും നെൽ വിത്ത് വാങ്ങിയതിന്റെ വില - 2161059/-

നെൽവിത്ത് വാങ്ങിയതിന്റെ ആകെ വില - 6062019/-

പ്രോജക്ട് പ്രകാരം ആകെ ചെലവഴിച്ച തുക -974731/-

നൽകുവാൻ ബാക്കിയുള്ള തുക -5087288/-

നെൽ വിത്ത് വാങ്ങിയ മേൽ 30 ബില്ലുകളിലും പ്രോജക്ട് നം.S0044/21ന് വേണ്ടി വാങ്ങിയതാണെന്നും, എല്ലാ ബില്ലുകളിലുമായി 974731/- രൂപ ലിമിറ്റ് ചെയ്ത് നൽകുകയുമാണ് ചെയ്തത്. ആയതിനാൽ നൽകുവാൻ ബാക്കിയുള്ള 5087288 /- രൂപ നൽകിയിട്ടുണ്ടെങ്കിൽ ഏതു ഫണ്ടിൽ നിന്നും നൽകി എന്നത് സംബന്ധിച്ച് പരിശോധിച്ച് വിശദീകരണം രേഖാമൂലം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പീടികയിൽ അഗ്രിക് ഏജൻസീസ്, എടത്വയിൽ നിന്നും നെൽ വിത്ത് വാങ്ങിയത് ക്രമവിരുദ്ധമാണ്. ആയതിനാൽ പീടികയിൽ അഗ്രിക് ഏജൻസീസിന് നൽകിയ 333682/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ട് നടപ്പാക്കി

പ്രോജക്ട് നം.123/21

പെണ്ണാട് വിതരണം(Spill Over)

നിർവ്വഹണം-വെറ്ററിനറി സർജൻ

വികസനഫണ്ട് എസ്.സി.പി-180000

തനത് ഫണ്ട്-2500, മറ്റുള്ളവ-36000, ആകെഅടങ്കൽ-218500

ചെലവ്-180000

(1) 90000/- ബിൽ നം.2/24.04.2020

(2)90000/-ബിൽ നം.4/24.04.2020

പ്രസ്തുത പ്രോജക്ടിൽ 6000/ രൂപ നിരക്കിൽ 20 ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 40 ആടുകളെ വാങ്ങുന്നതിന് (ഒരാൾക്ക് 2 ആടുകളെ നൽകുന്നതിനുള്ള സബ്സിഡി തുക-9000)പ്രസ്തുത ബിൽ പ്രകാരം ഹബീബ് മുഹമ്മദ് റാവുത്തർ , H.S.ഗോട്ട് ഫാം എന്നയാൾക്ക് 180000/- രൂപ നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.ശ്രീ.ഹബീബ് മുഹമ്മദ് റാവുത്തർ H.S.ഗോട്ട് ഫാം,ശൂരനാട് എന്ന വ്യക്തിയിൽ നിന്നും ആടുകളെ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. ടിയാളുടെ അപേക്ഷ, കൈപ്പറ്റ് എന്നിവ മാത്രമാണ് ഫയലിലുള്ളത്.

2.ആടുകളെ കൈപ്പറ്റിയ 9 ഗുണഭാക്താക്കൾമാത്രമാണ് ആടുകളെ ഇൻഷ്വർചെയ്തിട്ടുള്ളത് (18 ആടുകൾ). ബാക്കിയുള്ള 22 ആടുകളെ ഇൻഷ്വർ ചെയ്യാതെയാണ് വിതരണം നടത്തിയിട്ടുള്ളത്.

3. 14.02.2018 ലെ സ.ഉ.(കൈ) നം.22/18 ത.സ്വ.ഭ.വ. ഖ.6.2 കുറിപ്പ്3&4 പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായിട്ടുമുള്ള കമ്മറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. എന്നാൽ ഈ പ്രേജക്ട് പ്രകാരം ആടുകളെ വാങ്ങിയതിന് മേൽ സൂചിപ്പിച്ച വിധം പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചതായോ വാങ്ങിയ ഉരുക്കളുടെ ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല.

ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(11/14.6.22) മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശങ്ങൾപാലിച്ചും സുതാര്യമായും പ്രോജക്ടുകൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിലേക്ക് വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 ഐ.കെ.എം. വിഹിതം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം - S0005/21

പ്രോജക്ടിന്റെപേര് - ഐ.കെ.എം. വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 30000/-

തനത് ഫണ്ട് - 20000/-

ആകെ അടങ്കൽ - 50000/-
ചെലവ് വിവരം
ബിൽ നം.8/20-21/24.11.20 തുക.30000/-
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം മാനേജരുടെ എസ്.ബി.ഐ.നന്തൻകോട് ബ്രാഞ്ചിലെ 57047023512 നം.അക്കൗണ്ടിലേക്ക് 30000/-രൂപ നൽകി. എന്നാൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14/14.6.22), മറുപടി ലഭ്യമാക്കിയില്ല.വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 30000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല.

പ്രോജക്ട് നം - S 0025/21

പ്രോജക്ടിന്റെ പേര് - സാന്ത്വന രോഗീപരിചരണം

നിർവ്വഹണം - മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.

വകയിരുത്തൽ

വികസനഫണ്ട് - 452000/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 100000/-

ജില്ലാ പഞ്ചായത്ത് വിഹിതം - 100000/-

ആകെ അടങ്കൽ - 652000/-

മേൽ പ്രോജക്ടിൽ വികസന ഫണ്ടിൽ നിന്നുള്ള ചെലവിൽ അപാകതയുള്ളതിന്റെ വിവരം താഴെ കൊടുക്കുന്നു.

ബിൽ നം.15/29.3.21 തുക.111470/-

KMSCL ന്റെ PRF 6546/23.3.21 നം.പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 24 ഇനം മരുന്നുകൾക്കും മരുന്നുപകരണങ്ങൾക്കുമായി 71070/-രൂപ നൽകി. എന്നാൽ 30164/- രൂപയുടെ സാധനങ്ങൾ മാത്രമാണ് ലഭ്യമായത്. 40906/- രൂപയുടെ മരുന്നും ഉപകരണങ്ങളും ലഭ്യമായിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/8.6.22), KMSCL നെ ബന്ധപ്പെട്ട് സാധനങ്ങൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. 40906/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 സുഭിക്ഷകേരളം-അടുക്കളത്തോട്ടം(എസ്.സി)-അപാകതകൾ

പ്രോജക്ട് നം - S0155/21

പ്രോജക്ടിന്റെ പേര് - സുഭിക്ഷകേരളം-അടുക്കളത്തോട്ടം(എസ്.സി)

നിർവ്വഹണം -കൃഷി ഓഫീസർ

വകയിരുത്തൽ

വികസന ഫണ്ട് - 250000/-

തനത് ഫണ്ട് - 200/-

ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടവാക്കുന്നത്) -83400/-

ആകെ അടങ്കൽ - 333600/-

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലും പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായും കൃഷിയിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യത്തോടുകൂടി ഒരുഗുണഭോക്താവിന് 800/-രൂപ നിരക്കിൽ വിത്തും വളവും അടങ്ങിയ ഗ്രോബാഗ് 10 എണ്ണം നൽകുന്നു.ആയതിനായി വികസനഫണ്ട് 600/-രൂപയും ഗുണഭോക്തൃവിഹിതം 200/-രൂപയും ചെലവഴിക്കുന്നു.

ചെലവ് വിവരം താഴെ കൊടുക്കുന്നു.

ബിൽ നം.7/20-21/28.3.21 തുക.51600/-(വികസന ഫണ്ട്)

ചെക്ക് നം. 0436341/31.3.21 തുക.17200/-(ഗുണഭോക്തൃവിഹിതം)

കാർഷിക കർമ്മസേന ,പള്ളിപ്പാടിന്റെ 40281001007344 നം.അക്കൗണ്ടിൽ 51600,17200 ഒട്ടാകെ 68800/-രൂപ നൽകി.

കാർഷിക കർമ്മസേന, പള്ളിപ്പാടിന്റെ 7/9/20ലെ ബിൽ നം.4 പ്രകാരം ഗ്രോബാഗിന്റെ വാങ്ങൽ വിവരം ചുവടെ കൊടുക്കുന്നു.

| Item | Rate | Qty | Amount |
|---|---|---|---|

| | | | |
|---|---|---|---|
| Filled Growbag (1unit 10 Rowbag) @800/- Per Unit | 800 | 417 | 333600/- |

അപാകതകൾ താഴെ ചേർക്കുന്നു.

1) സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2) ഗുണഭോക്താക്കളുടെ അപേക്ഷ,അനുബന്ധരേഖകൾ ഹാജരാക്കിയിട്ടില്ല.

2) വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.12/14.6.22)മറുപടി ലഭ്യമാക്കിയില്ല. 68800/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 വി.ഇ.ഒ. നടപ്പാക്കിയ കുടിവെള്ള കിണർ പ്രോജക്ട് – സബ്സിഡി അധികം നൽകി

പ്രോജക്ട് നം.- S0208/21

പ്രോജക്ടിന്റെ പേര്-കുടിവെള്ള കിണർ

അടങ്കൽ- 1125000(ധന. കമ്മീഷൻ അവാർഡ്)

ചെലവ് വിവരം

(1) 105000/- ബിൽ നം.31/30.03.2021

(2)45000/-ബിൽ നം.27/27.03.2021

(3)45000/-ബിൽ നം.29/24.03.2021

ആകെ- 195000/-

എടത്വ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിവാസികളുടെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി തുറന്നകിണർ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. 13 ഗുണഭോക്താക്കൾക്ക് 15000/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | നൽകിയതുക/ ബിൽ നം./തീയതി | റിമാർക്സ് |
|---|---|---|---|
| 1 | ജൂബി മാത്യു, പട്ടത്താനം, വാർഡ്-4 | 15000/-ബിൽ നം.27/ 27.03.2021 | പ്രവൃത്തിയുടെമൂല്യനിർണ്ണയ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. |
| 2 | വത്സല നടരാജൻ, തോട്ടുവാലിച്ചിറ, വാർഡ്-7 | | |
| 3 | പ്രസന്ന സി.എൽ, രാമപുരം, വാർഡ്-14 | | |
| 4 | സാവിത്രി രാമൻകുട്ടി, ഇരുപതിച്ചിറ,വാർഡ്-10 | 15000/-ബിൽ നം.29/ 27.03.2021 | |
| 5 | ഗ്രേസിക്കുട്ടി ആന്റണി, കോട്ടയ്ക്കകം, വാർഡ്-10 | | |
| 6 | ജയമ്മ ബെന്നി, കണ്ണംപള്ളി, വാർഡ്-5 | 15000/-ബിൽ നം.29/ 27.03.2021 | മൂല്യനിർണ്ണയ സാക്ഷ്യ പത്രം പ്രകാരം പ്രവൃത്തിയുടെ മൂല്യം 16500/- രൂപയാണ്. അതിനാൽ നൽകാവുന്ന തുക 8250/-(50%) 6750/-രൂപ അധികം നൽകി |

പ്രവൃത്തിയുടെമൂല്യനിർണ്ണയ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ക്രമ നം. 1 മുതൽ 5 വരെയുള്ള ഗുണഭോക്താക്കൾക്ക് നൽകിയ 75000/- രൂപ തടസ്സപ്പെടുത്തുന്നു. മൂല്യനിർണ്ണയ സാക്ഷ്യ പത്രത്തിന് ആനുപാതികമായല്ലാതെ സബ്സിഡിയിനത്തിൽ അധികം നൽകിയ 6750 /- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/14.06.2022 ) മറുപടി ലഭിച്ചില്ല.

## 1-26 ബി.പി.എൽ. കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് നിർമ്മാണം- ഒരേ ഗുണഭോക്താവിന് രണ്ട് തവണ ധനസഹായം നൽകി

പ്രോജക്ട് നം.220/21

നിർവ്വഹണം-വി.ഇ.ഒ.

ധന.കമ്മീഷൻ അവാർഡ്-254400, സംസ്ഥാനാവിഷ്കൃത ഫണ്ട്-300000, ആകെ അടങ്കൽ- 554400

ചെലവ് -221760/-

വി.ഇ.ഒ 2020-21 ൽ നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം ബി.പി.എൽ വിഭാഗത്തിലെ 24ഗുണഭോക്താക്കൾക്ക് സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് നൽകുന്നതിനായി 9,240 രൂപ വീതം ആകെ 221760/-രൂപ ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ തോമസ് വർഗ്ഗീസ് എന്ന ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ധനസഹായം നൽകിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ചെക്ക് നം./ ബിൽനം./ തീയതി | അനുവദിക്കാവുന്ന തുക | അനുദിച്ച തുക | അധികം നൽകിയതുക |
|---|---|---|---|---|---|
| തോമസ് വർഗ്ഗീസ് A/C No. 0531053000001804 IFS Code SIBL0000531 | 5000 | 621944/ 31.03.2021 | 9240 | 18480 | 9240 |
| | 4240 | 32/21 30.03.2021 | | | |
| | 5000 | 621944/31.03.21 | | | |
| | 4240 | 14/18.01.2021 | | | |
| ആകെ | 18480 | | 9240 | 18480 | 9240 |

ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ധനസഹായം നൽകിയതുമൂലം 9240 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം നൽകിയ തുക നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/15.06.2022 )മറുപടി ലഭ്യമാക്കിയില്ല.

## 1-27 ലൈഫ് ഭവന നിർമ്മാണം- 2018 ൽ ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മണ പദ്ധതിപ്രകാരം 63ഭവനങ്ങളുടെ നിർമ്മാണം ലക്ഷ്യം വച്ചതിൽ 59 എണ്ണം പൂർത്തിയായിട്ടുണ്ട്. കരാർ വച്ചിട്ടും 4 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| ഏലമ്മ ജോസഫ് ,പാട്ടത്തിൽ ,തായങ്കരി.പി.ഒ,എടത്വ | 40000 | 13.07.2018 |
| മഞ്ജുമോൾ, മുരളി സദനം ,ചങ്ങംകരി.പി.ഒ,എടത്വ | 40000 | 23.07.2018 |
| എം.എ.പരമേശ്വരൻ ,മുപ്പത്തിനാലിൽ . പാണ്ടങ്കരി .പി.ഒ,എടത്വ | 40000 | 23.07.2018 |
| ഏലിയാമ്മ തോമസ് ,കിഴക്കേമറ്റം,എടത്വ .പി.ഒ, | 40000 | 13.07.2 |

പ്രസ്തുത ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിന് താല്പര്യമുള്ളവർക്ക് ആവശ്യമായ സഹായം നൽകി നിർമ്മാണം പൂർത്തിയാക്കേണ്ടതും പ്രോജക്ടിൽ നിന്നും പിന്മാറിയിട്ടുള്ളവരിൽ നിന്നും നിയമാനുസൃത പലിശയോടുകൂടി തുക തിരികെ ഈടാക്കേണ്ടതുമാണ്. തുടർ നടപടിയുടെ വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.04/ 13.06.2022 )

## 1-28 കാലിവീപ്പയുടെ വില തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

എടത്വ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയുടെ വില 250/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. കൂടാതെ കാലിവീപ്പയ്ക്ക് 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ജി.എസ്.ടി ഉൾപ്പെടെ 295രൂപനിരക്കിൽ ഈടാക്കിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 115/21 വല്യവീട്ടിൽ പടി മുതൽ തെക്കോട്ട് റോഡ് മെറ്റലിംഗ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8ബാരൽ | 2360 | 34/12.8.20 162400/- |
| 2 | 122/21 PWD റോഡ് മുതൽ | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14 ബാരൽ | 4130 | 34/12.8.20 162400/- |

| | | | | | |
|---|---|---|---|---|---|
| | എടത്വ ബോട്ട് ജെട്ടി റോഡ് വരെ ടാറിംഗ് | | | | 42/28.8.20 390293/- |
| 3 | 114/21നൂറ്റിമുപ്പതിൽ ചിറ കലുങ്ക് മുതൽ പപ്പുഉരുത്തിപടി വരെ റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8ബാരൽ | 2360 | 11/22.4.20, 201724/- |
| 4 | 110/21 ഉളിയന്നൂർ മോട്ടോർതറ മുതൽ പടിഞ്ഞാറോട്ട് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14 ബാരൽ | 4130 | 3/22.4.20 495000/- 4/22.4.20, 214057/- |
| 5 | 118/21 ഉളിയന്നൂർ മോട്ടോർതറ മുതൽ പടിഞ്ഞോറോട്ട് റോഡ് മെറ്റലിംഗ് ടാറിംഗ് റീച്ച് 2 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15ബാരൽ | 4425 | 28/8.5.20, 421000/-, 8/22.4.20, 213313 |
| 6 | 224/21 ചക്കാലക്കൽ പടി മുതൽ എട്ടിൽപടി വരെ റോഡ് ടാറിംഗ് | ആന്റോ അൽഫോൺസ് | 9ബാരൽ | 2655 | 106/28.3.21 429350/- |
| 7 | 140/21 PWDമുതൽ JMMകൾവർട്ട് വരെ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7ബാരൽ | 2065 | 46/12.11.20 251891 |
| 8 | 181/21 യാക്കോബ പള്ളിപാലം മുതൽ പള്ളിക്കത്തറ റോഡ് ടാറിംഗ് | വികസന ഫണ്ട് | 11ബാരൽ | 3245 | 92/12.3.21 107744 91/12.3.21 495000/- |
| 9 | 178/21 പറപ്പള്ളിപടി മുതൽ പടിഞ്ഞാറോട്ട് റോഡ് ടാറിംഗ് | വികസന ഫണ്ട് ഫ്ലഡ് | 15ബാരൽ | 4425 | 80/12.3.21 489300 |
| 10 | 180/21 ചൂരപ്പറമ്പിൽപടി മുതൽ തെക്കോട്ട് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9.6ബാരൽ | 2360 | 72/12.3.21 |
| 11 | 197/21മണ്ണുണ്ണി കിഴക്ക് പാടശേഖരത്തിന്റെ കിഴക്കേചിറ അറക്കളം പടി റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9ബാരൽ | 2655 | 79/12.3.21 573562/- |
| 12 | 74/21 വാതപ്പള്ളിപ്പടി മുതൽ ആംബുലൻസ് പാലം വരെ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 16ബാരൽ | 4720 | 74/12.3.21 623119 |
| 13 | 177/21 പഞ്ചായത്ത് ഓഫീസ് മുതൽ ബോട്ട് ജെട്ടി വരെ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15ബാരൽ | 4425 | 77/12.3.21 112179/- |
| 14 | 188/21 പൊയ്ക്കാരക്കളം പടിഞ്ഞാറോട്ട് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10ബാരൽ | 2950 | 112/30.3.21 493584 |
| | ആകെ | | | 46905 | |

ക്രമനമ്പർ 4ൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയിൽ 8.8.2017ൽ ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ബിറ്റമിൻ വാങ്ങിയതിന്റെ 6918/8.8.2017നമ്പർ ബില്ലാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. കൂടാതെ ക്രമ നമ്പർ14 ൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയിൽ എഗ്രിമെന്റ് നമ്പർ മുദ്രപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എഗ്രിമെന്റ് തിയതിയോ കരാറുകാരന്റെ പേര്

പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (22/14.6.22) ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള കാലിവീപ്പയുടെ വില ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുപോലെ തൻവർഷം നടപ്പിലാക്കിയ മറ്റ് പദ്ധതികളിൽ നിന്നും കാലിവീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ പ്രത്യേകം കണക്കാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരികെ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 എർത്ത് വർക്ക് എക്സ്കവേഷന്-അധിക നിരക്ക് നൽകി

എടത്വ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുമായി ബന്ധപ്പെട്ട സംരക്ഷണ ഭിത്തി നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദിച്ചിരിക്കുന്ന നിരക്ക് 553.17/m3 (സ്പെസിഫിക്കേഷൻ കോഡ്-11.1.1.1 എർത്ത് വർക്ക് എക്സ്കവേ ഷൻ ഫോർ സ്ട്രക്ച്ചേഴ്സ്) ആണ്. ഇത് പാലം,കൾവർട്ട് എന്നിവയുടെ നിർമ്മാണത്തിന് 3 മീറ്റർ വരെ ആഴത്തിൽ എർത്ത് വർക്ക് എക്സ്കവേഷന് നൽകുന്ന നിരക്കാണ്. സംരക്ഷണ ഭിത്തി, കാന നിർമ്മാണത്തിനുള്ള എർത്ത് വർക്ക് എക്സ്കവേഷന് അനുവദനീയമായ നിരക്ക് 259.29/m3 (MoRDസ്പെസിഫിക്കേഷൻ കോഡ്-3.5.1 അല്ലെങ്കിൽ CPWD സ്പെസിഫിക്കേഷൻ കോഡ്- 2.8.1) ആണ്. ഉയർന്ന നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കരാറുകാർ ഉയർന്ന നിരക്ക് ക്വോട്ട് ചെയ്യാനും അതു വഴി അധികം നൽകാനുമിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | അനുവദിച്ച തുക/അളവു പുസ്തകം (Item Rate Contract) | അനുവദനീയമായ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | 133/21, പുതുവൽ എസ്.സി. കോളനി സമഗ്ര വികസനം | തോമസ് ആന്റണി | $37.801m^3$ @$542/m^3$ =20488/- 22/19-20 | $37.801m^3$ @$257/m^3$ =9715 | 10773/- | ബിൽ നം 1/22.4.20, 495000/-, 2/22.4.20, 228210/- |
| | | | ആകെ | | 10773/- | |
| | | | 12% GST | | 1292 | |
| | | | ആകെ | | 12065/- | |
| 2 | 140/21 PWDമുതൽ JMMകൾവർട്ട് വരെ റോഡ് ടാറിംഗ് | തോമസ് ആന്റണി | $9.775m^3$ @$553.17/m^3$ =5407/- | $9.775m^3$ @259.29 =2535 | 2872/- | 46/12.11.20 251891 |
| | | | ആകെ | | 2872/- | |
| | | | 12% GST | | 345 | |
| | | | ആകെ | | 3217/- | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/14.6.22) ലഭ്യമാക്കിയ മറുപടിയിൽ വെള്ളക്കെട്ടുണ്ടായിരുന്നതിനാലും സൈഡ് ഇടിയാതിരിക്കുന്നതിനുമാണ് എസ്കവേഷന് പ്രസ്തുത ഇനം ഉൾപ്പെടുത്തിയതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു. എന്നിരുന്നാലും എർത്ത് വർക്ക് എസ്കവേഷന് തെറ്റായ ഇനം ഉൾപ്പെടുത്തുന്നത് കരാറുകാർക്ക് അധിക തുക നൽകുന്നതിനും അതുവഴി അധിക ചെലവിനും ഇടയാക്കുന്നതാണ്. വിഷയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ഓഡിറ്റ് ഇമ്പാക്ട്- നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നതിന് നിയമാനുസൃത ഫൈൻ ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സെലക്ഷൻ നോട്ടീസ് പ്രകാരം ഫൈനില്ലാതെ എഗ്രിമെന്റ് വെക്കേണ്ട നിശ്ചിത തിയതിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എഗ്രിമെന്റ് വെക്കേണ്ട കാലയളവ് ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായോ കരാറുകാരൻ അപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതാ യോഫയലിൽ രേഖപ്പെടുത്തലുകളില്ല. എന്നാൽ നിശ്ചിത തിയതിക്കു ള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് നിയമനുസൃത ഫൈൻ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാറുകാരൻ/ പി.എ.സി | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി | നോട്ടീസ് പ്രകാരം എഗ്രിമെന്റ് വെക്കേണ്ട തിയതി | എഗ്രിമെന്റ് വെച്ച തിയതി | ബിൽ നമ്പർ- | ഈടാക്കിയ ഫൈൻ | ഈടാക്കേണ്ട ഫൈൻ | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | 137/21 അരീപ്പറത്ത് പടി മുതൽ പടിഞ്ഞാറോട്ട് വഴി | 86900/- | 15.11.2019 | 29.11.2019 | 4.12.19 (41/AE /19-20) | 9/22.4.20 97218/-, | 00 | 869 | 869/- |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ഉയർത്തൽ | | | | | | | | | |

മേൽ സൂചിപ്പിച്ചവിധം നിമാനസൃത കാലയളവിനുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കാതിരിക്കുകയോ/ ഈടാക്കിയ തിൽ കുറവോ സംഭവിച്ചിട്ടുള്ളത് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് എൻക്വയറി (23/14.6.22) നൽകിയതിനെ തുടർന്ന് ഫൈൻ ഇനത്തിൽ കുറവ് വന്ന 869/- രസീത് നമ്പർ 1200100597/16.6.22പ്രകാരം തിരികെ അടച്ചു.

## 1-31 ഓഡിറ്റ് ഇമ്പാക്ട് -ടെണ്ടർ വ്യത്യാസം അധികം നൽകിയതുക തിരികെ അടച്ചു

പ്രോജക്ട് നമ്പർ -115/19

ബിന്ദു ഭവനം മുതൽ വടകര ജെട്ടിവരെ റോഡ് നിർമ്മാണം

അടങ്കൽ-178600/-

കരാറുകാരൻ- സെൽവിൻ തോമസ്

എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.8% കുറവ്

അളവ് പുസ്തകം-32/19-20, ബിൽ നമ്പർ- 26/28.5.20, 165637/-

എടത്വ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ ബിന്ദു ഭവനം മുതൽ വടകര ജെട്ടിവരെ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 6 പ്രകാരം ഒന്നാമിനമായി കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ സബ്ഗ്രേഡ് എന്നയിനം 88.965m3ചെയ്തതിന് 1007.55/m3നിരക്കിൽ 89636.68രൂപയും രണ്ടാമിനമായി ഫില്ലിംഗ് ലോ ലെയിംഗ് ഏറിയ വിത്ത് ക്വോറി മക്ക് എന്നത് 49.425m3 ചെയ്തതിന് 1154.87/m3നിരക്കിൽ 57079.45 രൂപയും ഉൾപ്പെടെ ആകെ മൂല്യം 146716/- രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ 0.8% (1173/-)കുറവ് ചെയ്യുന്നതിന് പകരം 0.8% കൂട്ടി ആകെ പ്രവൃത്തിമൂല്യം 147890/-രൂപയായി നിർണ്ണയിച്ച് 12% ജി.എസ്.ടി ഉൾപ്പെടുത്തി ആകെ 165637/-രൂപ പിൻവലിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്. അനുവദിക്കാവുന്ന തുക ചുവടെ ചേർക്കുന്നു.
അനുവദിക്കാവുന്ന തുക- 146716-0.8% =145543+17564 (12%ജി.എസ്.ടി) =163008/-
അനുവദിച്ചത് -165637/-, അധികം-2629/- ( 165637-163008)
മേൽ വിഷയം സംബന്ധിച്ച് എൻക്വയറി(19/14.6.22) നൽകിയതിനെ തുടർന്ന് 1173/- രൂപ രസീത് നമ്പർ 1220100597/16.6.22 തിരികെ അടച്ചു. തിരിച്ചടക്കുവാൻ അവശേഷിക്കുന്ന 1456/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-32 മുദ്രപ്പത്ര തിയതിക്ക് മുമ്പേ കരാറിലേർപ്പെട്ടു

പ്രോജക്ട് നമ്പർ -121/21

മൂന്നതൈക്കൽപടി മുതൽ പുത്തൻപറമ്പിൽ പടി റോഡ് കോൺക്രീറ്റിംഗ്.

അടങ്കൽ-264000/-

കരാറുകാരൻ- ഫ്രോൻസിസ് തോമസ്

എടത്വ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മൂന്നതൈക്കൽപടി മുതൽ പുത്തൻപറമ്പിൽ പടി റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളത് 22.11.2019 ലെ 18/AE/19-20 നമ്പർ കരാർ പ്രകാരമാണ്. എന്നാൽ കരാർ വെച്ചിട്ടുള്ള മുദ്രപ്പത്രം (CL 383047) സ്റ്റാമ്പ് വെണ്ടറിൽ നിന്നും (ക്രമനമ്പർ 1646) വാങ്ങിയിട്ടുള്ളത് 23.11.2019ലാണ്. ഇപ്രകാരം മുദ്രപ്പത്രം വാങ്ങുന്ന തിയതിക്കുമുമ്പേയുള്ള തിയതിയിൽ എഗ്രിമെന്റിലേർപ്പെടുകയെന്നത് അസാധ്യമാണ്.

അതുപോലെ താഴെ ചേർത്തിട്ടുള്ള പ്രവൃത്തിയിലും ഇതേ അപാകത ആവർത്തിച്ചിട്ടുള്ളതായി കാണുന്നു.

224/21ചക്കാലക്കൽ പടി മുതൽ എട്ടിൽപടി വരെ റോഡ് ടാറിംഗ്,

കരാറുകാരൻ- ആന്റോ അൽഫോൻസ്

മുദ്രപ്പത്രം (CU 847353) സ്റ്റാമ്പ് വെണ്ടറിൽ നിന്നും (ക്രമനമ്പർ 1680) വാങ്ങിയിട്ടുള്ളത് 19.2.2021ലാണ്. എന്നാൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളത് 18.2.21ലുമാണ്. ( എഗ്രിമെന്റ് നമ്പർ32/AE/20-21/18.2.21)

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (18/14.6.22) ലഭ്യമാക്കിയ മറുപടിയിൽ ക്ലർക്കിന്റെ അഭാവത്തിൽ ജോലിത്തിരക്കിനിടയിൽ സംഭവിച്ചുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്. എഗ്രിമെന്റ് തിയതിയിലോ അതിന് മുമ്പോവാങ്ങിയ മുദ്രപ്പത്രത്തിൽ മാത്രം എഗ്രിമെന്റിൽ ഏർപ്പെടുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം എഗ്രിമെന്റ് അസാധുവാകുന്നതാണ്.

## 1-33 എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല.

എടത്വ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ എർത്തേൺ സബ്ഗ്രേഡ്/ എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ (യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രെം ബോറോപിറ്റ്സ്) നടത്തിയതിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്. ഉചിതമായ രീതിയിൽ കൺസോളിഡേഷൻ നടത്തിയെന്നുള്ള സാക്ഷ്യപത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | എർത്തേൺ സബ്ഗ്രേഡ് നടത്തിയഅളവ്/അളവു | അനുവദനീയമായ അളവ്/ | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | പുസ്തകം | തുക | | |
| 1 | 72/21 നെടുമ്പറമ്പ് മുതൽ 30ൽ ചിറവരെ വഴി മക്കിട്ടുയർത്തൽ | റോണി ജോർജ്ജ് | 15.587m$^3$@995/m$^3$ =15509/- 11/21 | 14.03m$^3$ @995/m$^3$ =13960/- | 1549 | 102/22.3.21 205870/- |
| | | | 12% GST | | 186 | |
| | | | ആകെ | | 1735 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി (20/14.6.22) നൽകിയതിനെ തുടർന്ന് രസീത് നമ്പർ 1220100597/16.6.22 പ്രകാരം 1550/-രൂപ തിരികെ അടച്ചു. അവശേഷിക്കുന്ന 185/-രൂപ കൂടി ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-34 തൊഴിലുറപ്പ് പദ്ധതി- കയർഭൂവസ്ത്രംവിരിക്കൽ അധികം തുക നൽകി

2020-21ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അതേ വിസ്തൃതിയിൽ തന്നെ പ്രവർത്തി ചെയ്തതായി രേഖപ്പെടുത്തി അധികം തുക ചെലവഴിച്ചതായി കാണുന്നു.

കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തി യിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം വ്യത്യസ്ത വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.80.8.63ൽ, ച.മീറ്ററിന് 71.662 രൂപ നിരക്കിൽ നല്കിയതിന്റെവിശദാംശം ചുവടെ ചേർക്കുന്നു.

1. വാർഡ് 11 ൽ എസ്.സി/ബി.പി.എൽ കുടുമ്പങ്ങളുടെ ഭൂമിയിൽ മാടി പിടിപ്പിക്കൽ - ജൈവവേലി നിർമ്മാണം.

വർക്ക് കോഡ്- 529180,

ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് 24.11.2020മുതലാണെങ്കിലും 16.6.2021ൽ ആണ് കയർ ഭൂവസ്ത്രത്തിന്റെ പേയ്മെന്റ് നടത്തിയിട്ടുള്ളത്.

M-book No.- 187/20-21

FTO- 124827/16-6-21, 240110/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/2499, 4.1.21 | 400m$^2$ |
| കയർഭൂവസ്ത്രം വാങ്ങിയതായി അളവുപുസ്തകം പേജ് 3 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | | 400m2 |
| പേജ് 11, 13ൽ കയർഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും. | | 400m2, 28634/-രൂപ (400 X 71.586/m$^2$) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | 381m$^2$ (400/1.05) X 71.586/m$^2$ = 27274/- രൂപ |
| അധികം നൽകിയത്. | | 28634 - 27274 = 1360/-രൂപ |

2. വാർഡ് 10-ൽ പൊതു തോട് ആഴംകൂട്ടി സംരക്ഷിക്കൽ-മുണ്ടുതോട് ഘട്ടം 2

വർക്ക് കോഡ്- 365268

M-book No.-രേഖപ്പെടുത്തിയിട്ടില്ല.

FTO- No.-124823/16-6-21, 245868/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്തുത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/2861, 28.1.21 | 200m$^2$ |
| പേജ് 14ൽ ഉപയോഗിച്ച കയർഭ്രവസ്തുത്തിന്റെ അളവ് | | 200m2 |
| പേജ് 15ൽ കയർഭ്രവസ്തും വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | | 200m2,<br>14317/-രൂപ (200 X 71.586/m2) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | 190m2 (200/1.05) X 71.586/m2 = 13601/- രൂപ |
| അധികം നൽകിയത്. | | 14317- 13601= 716/-രൂപ |
| ആകെ 1360+ 716 =2076/- | | |

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (33/15.6.2022) ലഭ്യമാക്കിയ മറുപടിയിൽ കയർ ഭവസ്തും ഓവർലാപ് ചെയ്ത് വിരിക്കുന്നത് കണക്കിലെടുക്കാതെയാണ് മൂല്യനിർണ്ണയം നടത്തിയതെന്ന് അറിയിച്ചിരിക്കുന്നു. മറുപടി അംഗീകരിക്കുന്നില്ല. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം അധികം നൽകിയ 2076/-രൂപ ബന്ധപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി, എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-35 തൊഴിലുറപ്പുപദ്ധതി-GSTസ്രോതസിൽ നിന്നും കുറവു ചെയ്യുന്നില്ല.

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ CGST Act 2017ലെ വകുപ്പ് 51 (1) , SGST Act 2017ലെ വകുപ്പ് 51(1)എന്നിവ അനുസരിച്ച് 2.50 ലക്ഷത്തിൽ അധീകരിക്കുന്ന കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% തുക GST ഇനത്തിൽ സ്രോതസിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. എന്നാൽ ഇത് ഈടാക്കിയില്ല . അതുപോലെ വരുമാന നികുതി 1%ശ്രോതസ്സിൽ കുറവ് ചെയ്തതായി കാണുന്നില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട GST (2%) | ഈടാക്കേണ്ട വരുമാന നികുതി (1%) | F.T.O നമ്പർ തിയതി |
|---|---|---|---|---|---|---|
| 1 | RC/324693 ആശാരി പറമ്പ് പടി മുതൽ പുത്തൻപുരക്കൽപടി വരെ റോഡ് കോൺക്രീറ്റിംഗ് | ആന്റോ അൽഫോൻസ് | 238672 | 00 | 239 | 982319/7.8.21 |
| 2 | RC/320608 ചാലുക്കൽപടി മുതൽ കറുകയിൽ പാലം വരെ റോഡ് കോൺക്രീറ്റിംഗ് | ആന്റോ അൽഫോൻസ് | 356259 | 7125 | 3563 | 211569/7.8.21 |
| 3 | RC/331349 വാർഡ് 15ൽ കൈതവനപ്പടി | ചാക്കോ ജോസഫ് | 170054 | 00 | 1700 | 182283/5.4.21 |

| | | | | | | |
|---|---|---|---|---|---|---|
| | പി.ഡബ്ല്യു.ഡി റോഡ് മുതൽ കറുകയിൽ മയ്യക്കോണം വരെ റോഡ് ഉയർത്തൽ | | | | | |
| 4 | RC/288931 വരമ്പത്ത് പടി മുതൽ മാളിയേക്കൽ പടി വരെ റോഡ് നിർമ്മാണം ഘട്ടം 1 | തോമസ് ആന്റണി | 326387 | 6528 | 3264 | 626805/26.5.20 |
| 5 | RC295442 വരമ്പത്ത് പടി മുതൽ മാളിയേക്കൽ പടി വരെ റോഡ് നിർമ്മാണം ഘട്ടം 2 | തോമസ് ആന്റണി | 327337 | 6547 | 3273 | 626823/26.5.20 |
| 6 | RC353410 ഉണ്ടിയിൽപടി മുതൽ കുനമ്പാക്കൽ പടിവരെ റോഡ് നിർമ്മാണം ഘട്ടം 1 | തോമസ് ആന്റണി | 328220 | 6564 | 3282 | 605947/26.5.20 |
| | | | | 26764 | 15321 | |

ഏതാനം ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2020-21 ലെ പ്രവൃത്തികൾക്ക് പലതിനും 2021-22ലാണ് പേയ്മെന്റുകൾ നലകിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (32/15.6.2022) ലഭ്യമാക്കിയ മറുപടിയിൽ നികുതി ഈടാക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുക ഒടുക്ക് വരുത്തി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികളിലും ഇതുപോലെ തൻവർഷം നടപ്പിലാക്കിയ മറ്റു പ്രവൃത്തികളിൽ നിന്നും നിയമാനുസൃത ജി.എസ്.ടി, വരുമാന നികുതി എന്നിവ പ്രത്യേകം കണക്കാക്കി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നികുതികൾ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-36 വി.ഇ.ഒ. നടപ്പാക്കിയ ലൈഫ് മിഷൻ മൂന്നാംഘട്ടം-സ്ഥലം വാങ്ങൽ-ഭൂമിയുടെ മൂല്യം നിർണ്ണയിച്ചില്ല

പ്രോജക്ട് നം.33/21

ലൈഫ് മിഷൻ മൂന്നാംഘട്ടം--സ്ഥലം വാങ്ങൽ

വികസന ഫണ്ട് (പൊതുവിഭാഗം)-1175521

ധനകാര്യ കമ്മീഷൻ അവാർഡ്-1017000

ബ്ലോക്ക്.പഞ്ചായത്ത് വിഹിതം-3000000

ജില്ലാ പഞ്ചായത്ത് വിഹിതം-3000000

ആകെ അടങ്കൽ-8192521

ചെലവ് വിവരം

വികസന ഫണ്ട് (പൊതുവിഭാഗം)-1000000

ധന.കാര്യ കമ്മീഷൻ അവാർഡ്-200000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-1200000

ജില്ലാ പഞ്ചായത്ത് വിഹിതം-2000000

ആകെ ചെലവ് -4400000

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനായുള്ള പ്രസ്തുത പ്രോജക്ട്പ്രകാരം ഭൂമി വാങ്ങുന്നതിന് 22 ഗുണഭോക്താക്കൾക്ക് 200000/-രൂപ വീതം 4400000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 26.09.2019ലെ നം. ഡി.ബി.1 /304/ 2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ജനറൽ വിഭാഗത്തിന് വീടുവയ്ക്കുന്നതിന് ഗ്രാമ പഞ്ചായത്തിൽ 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങാൻ നൽകാവുന്ന പരമാവധി തുകയാണ് 200000/-രൂപ. എന്നാൽ പ്രസ്തുത പ്രോജക്ടിൽ വാങ്ങിയിട്ടുള്ള ഭൂമിയുടെ മൂല്യം നിർണ്ണയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ജില്ലാകളക്ടർ ഭൂമിയുടെ മൂല്യം നിർണ്ണയിച്ച് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന 3 സെന്റിൽ കുറയാത്ത ഭൂമിയുടെ വില കണക്കാക്കി ആ തുകയാണ് ധനസഹായമായി നൽകേണ്ടത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഭൂമി വാങ്ങിയ എല്ലാ ഗുണഭോക്താക്കൾക്കും പരമാവധി തകയായ 200000/- രൂപ വീതം നൽകിയിരിക്കുന്നു. ആയത് ക്രമ പ്രകാരമല്ല. ഗ്രാമ പ്രദേശങ്ങളിൽ ഒരു സെന്റിന് 66000/- രൂപയിൽ താഴെയാണ് വിലയെങ്കിൽ 3 സെന്റിന് 200,000/-രൂപയാകില്ല എന്നതിനാൽ യഥാർത്ഥ വില എത്രയെന്ന് നിർണ്ണയിക്കപ്പെടുന്നതിന് മുമ്പ് തന്നെ ഓരോ ഗുണഭോക്താവിനും സർക്കാർ നിർദ്ദേശപ്രകാരം അനുവദിക്കാവുന്ന പരമാവധി തുക നൽകിയത് ആശാസ്യമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 34/15.06.2022 ) മറുപടി ലഭ്യമാക്കിയില്ല. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-37 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം അപര്യാപ്തം

ഗ്രാമപഞ്ചായത്തിൽ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 8 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. ബാക്കിയുള്ള 13 അങ്കണവാടികൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ അങ്കണവാടി നം. 67, 98, 109

എന്നിവയുടെ കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുന്നു. എല്ലാ അങ്കണവാടികളിലും വൈദ്യുതി കണക്ഷൻ ഉണ്ട്. ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്കൊന്നും തന്നെ ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഇല്ല. എല്ലാ അംഗനവാടികളും ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.11 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റമതിൽ ഉള്ളത്. ചുറ്റമതിൽ ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത് കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാണ്. മതിയായ സുരക്ഷയുള്ള കെട്ടിടങ്ങളിൽ മാത്രം അങ്കണവാടികൾ പ്രവർത്തിപ്പിക്കേണ്ടതാണ്.

കുടിവെള്ളത്തിനായി പഞ്ചായത്തിലെ വാട്ടർ കണക്ഷൻ ലഭ്യമല്ലാത്തയിടങ്ങളിൽ സ്വന്തം കിണർ, അയൽപക്കത്തെകിണർ, വീട്ടുടമയുടെ കിണർ , എന്നിവയാണ് ആശ്രയിക്കുന്നത് എന്നും എല്ലാ കെട്ടിടത്തിലും വാട്ടർഫിൽട്ടറും സ്വന്തം കെട്ടിടങ്ങളിലെല്ലാം തന്നെ മിനിആർ.ഒ. പ്ലാന്റും ലഭ്യമാണെന്നും ഐ.സി.ഡി.എസ്.സൂപ്പർ വൈസർ അറിയിച്ചു. എല്ലാ അങ്കണവാടികളിലും വാട്ടർ അതോറിറ്റിയുടെ കണക്ഷൻ ലഭ്യമാക്കി സ്ഥിരമായ ശുദ്ധജലലഭ്യത ഉറപ്പാക്കാൻ വേണ്ട നടപടിസ്വീകരിക്കേണ്ടതാണ്.

13 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടമില്ലാത്തതും ശുദ്ധ ജലത്തിന്റെ ലഭ്യതക്കുറവും വലിയ പോരായ്മയാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.05/13.06.2022 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചില്ല-അധികചെലവിനിടയാക്കി

പ്രോജക്ട് നം - S0003/21

പ്രോജക്റ്റിന്റെപേര് -പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 75000/-,തനത് ഫണ്ട് - 125000/-, ആകെ അടങ്കൽ -200000/-

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം ചെയ്ത പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് ചെലവ് എന്ന മേൽ പ്രോജക്റ്റിൽ തനത് ഫണ്ടിൽ നിന്നും, വികസനഫണ്ടിൽ നിന്നുമായി വിവിധ ദിനപ്പത്രങ്ങളിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ നല്കിയ തുകകളിൽ ട്രേഡ് ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ട്രേഡ് ഡിസ്കൗണ്ട് അനുവദിക്കണം. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

തുക നൽകിയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| പത്രസ്ഥാപനം | സ്ഥാപനത്തിൽ നിന്നുള്ള ബിൽനം/തീയതി | ബിൽ തുക | അർഹമായ ഡിസ്കൌണ്ട് (15%) | ചെക്ക്നം./ തീയതി |
|---|---|---|---|---|
| കേരളകൗമുദി | BLALP00071013/20.2.21 | 6418 | 963 | 0436336/29.3.21 |
| കേരളകൗമുദി | BLALP00070818/ 7.2.21 | 9576 | 1436 | 0436336/29.3.21 |
| കേരളകൗമുദി | BLALP00069891/29.10.20 | 12835 | 1925 | 3059/11.11.20 |
| കേരളകൗമുദി | BLALP00069439/13.9.20 | 14440 | 2166 | 823/-(ചെക്ക് നം.3058/11.11.20) |
| കേരളകൗമുദി | BLALP00069180/15.8.20 | 9626 | 1444 | |
| കേരളകൗമുദി | BLALP00069334/22.8.20 | 6418 | 963 | 36079/-(ബിൽ നം.53/20-21 /18.11.20) |
| കേരളകൗമുദി | BLALP00069022/18.7.20 | 6418 | 963 | |
| കേരളകൗമുദി | BLALP00068017/13.2.20 | 9558 | 1434 | 27081/-(ബിൽ നം.18/20-21 /11.6.20) |
| കേരളകൗമുദി | BLALP00068278/6.3.20 | 9558 | 1434 | |
| കേരളകൗമുദി | ALPBCH068928/26.5.20 | 7965 | 1195 | |
| | ആകെ | | 13923 | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം 13923/-രൂപയുടെ അധികചെലവ് ഉണ്ടായതിന് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/15.6.22)മറുപടി ഹാജരാക്കിയില്ല.അധികചെലവ് 13923/-രൂപ നിരാകരിക്കുന്നു.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 വി.ഇ.ഒ. നടപ്പാക്കിയ കുടിവെള്ള കിണർ പ്രോജക്റ്റ് – സബ്സിഡി അധികം നൽകി

പ്രോജക്റ്റ് നം.- S0208/21

പ്രോജക്ടിന്റെ പേര്-കുടിവെള്ള കിണർ

അടങ്കൽ- 1125000(ധന. കമ്മീഷൻ അവാർഡ്)

ചെലവ് വിവരം

(1) 105000/- ബിൽ നം.31/30.03.2021

(2)45000/-ബിൽ നം.27/27.03.2021

(3)45000/-ബിൽ നം.29/24.03.2021

ആകെ- 195000/-

എടത്വ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ നിവാസികളുടെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി ഉറനകിണർ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതായിരുന്നു പ്രോജക്റ്റ് ലക്ഷ്യം. 13 ഗുണഭോക്താക്കൾക്ക് 15000/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രോജക്റ്റ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | നൽകിയതുക/ ബിൽ നം./തീയതി | റിമാർക്സ് |
|---|---|---|---|
| 1 | ജ്ഞുബി മാത്യു, പട്ടത്താനം, വാർഡ്-4 | 15000/-ബിൽ നം.27/ 27.03.2021 | പ്രവൃത്തിയുടെമൂല്യനിർണ്ണയ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. |
| 2 | വത്സല നടരാജൻ, തോട്ടുവാലിച്ചിറ, വാർഡ്-7 | | |
| 3 | പ്രസന്ന സി.എൽ, രാമപുരം, വാർഡ്-14 | | |
| 4 | സാവിത്രി രാമൻകുട്ടി, ഇരുപതിച്ചിറ,വാർഡ്-10 | 15000/-ബിൽ നം.29/ 27.03.2021 | |
| 5 | ഗ്രേസിക്കുട്ടി ആന്റണി, കോട്ടയ്ക്കകം, വാർഡ്-10 | | |
| 6 | ജയമ്മ ബെന്നി, കണ്ണംപള്ളി, വാർഡ്-5 | 15000/-ബിൽ നം.29/ 27.03.2021 | മൂല്യനിർണ്ണയ സാക്ഷ്യ പത്രം പ്രകാരം പ്രവൃത്തിയുടെ മൂല്യം 16500/- രൂപയാണ്. അതിനാൽ നൽകാവുന്ന തുക 8250/-(50%) 6750/-രൂപ അധികം നൽകി |

പ്രവൃത്തിയുടെമൂല്യനിർണ്ണയ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽക്രമ നം. 1 മുതൽ 5 വരെയുള്ള ഗുണഭോക്താക്കൾക്ക് നൽകിയ 75000/- രൂപ തടസ്സപ്പെടുത്തുന്നു.മൂല്യനിർണ്ണയ സാക്ഷ്യ പത്രത്തിന് ആനുപാതികമായല്ലാതെ സബ്സിഡിയായി അധികം നൽകിയ 6750 /- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/14.06.2022 ) മറുപടി ലഭിച്ചില്ല.

## 3-3 കാലിവീപ്പയുടെ വില തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

എടത്വ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കു ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ കാലിവീപ്പയുടെ വില 250/-രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. കൂടാതെ കാലിവീപ്പയ്ക്ക് 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കി തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ്/പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ജി.എസ്.ടി ഉൾപ്പെടെ 295രൂപനിരക്കിൽ ഈടാക്കിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 115/21 വല്യവീട്ടിൽ പടി മുതൽ തെക്കോട്ട് റോഡ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8ബാരൽ | 2360 | 34/12.8.20 162400/- |

| | | | | | |
|---|---|---|---|---|---|
| | മെറ്റലിംഗ് ടാറിംഗ് | | | | |
| 2 | 122/21 PWD റോഡ് മുതൽ എടത്വ ബോട്ട് ജെട്ടി റോഡ് വരെ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14 ബാരൽ | 4130 | 34/12.8.20 162400/- 42/28.8.20 390293/- |
| 3 | 114/21നൂറ്റിമുപ്പതിൽ ചിറ കലുങ്ക് മുതൽ പപ്പുഉരുത്തിപടി വരെ റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8ബാരൽ | 2360 | 11/22.4.20, 201724/- |
| 4 | 110/21 ഉളിയന്നൂർ മോട്ടോർതറ മുതൽ പടിഞ്ഞാറോട്ട് റോഡ് റീ ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 14 ബാരൽ | 4130 | 3/22.4.20 495000/- 4/22.4.20, 214057/- |
| 5 | 118/21 ഉളിയന്നൂർ മോട്ടോർതറ മുതൽ പടിഞ്ഞോറോട്ട് റോഡ് മെറ്റലിംഗ് ടാറിംഗ് റീച്ച് 2 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 15ബാരൽ | 4425 | 28/8.5.20, 421000/-, 8/22.4.20, 213313 |
| 6 | 224/21 ചക്കാലക്കൽ പടി മുതൽ എട്ടിൽപടി വരെ റോഡ് ടാറിംഗ് | ആന്റോ അൽഫോൻസ് | 9ബാരൽ | 2655 | 106/28.3.21 429350/- |
| 7 | 140/21 PWDമുതൽ JMMകൾവർട്ട് വരെ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7ബാരൽ | 2065 | 46/12.11.20 251891 |
| 8 | 181/21 യാക്കോബ പള്ളിപാലം മുതൽ പള്ളിക്കത്തറ റോഡ് ടാറിംഗ് | വികസന ഫണ്ട് | 11ബാരൽ | 3245 | 92/12.3.21 107744 91/12.3.21 495000/- |
| 9 | 178/21 പറപ്പള്ളിപടി മുതൽ പടിഞ്ഞാറോട്ട് റോഡ് ടാറിംഗ് | വികസന ഫണ്ട് ഫ്ലഡ് | 15ബാരൽ | 4425 | 80/12.3.21 489300 |
| 10 | 180/21 ചൂരപ്പറമ്പിൽപടി മുതൽ തെക്കോട്ട് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9.6ബാരൽ | 2360 | 72/12.3.21 |
| 11 | 197/21മണ്ണണ്ണി കിഴക്ക് പാടശേഖരത്തിന്റെ കിഴക്കേചിറ അറക്കളം പടി റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9ബാരൽ | 2655 | 79/12.3.21 573562/- |
| 12 | 74/21 വാതപ്പള്ളിപ്പടി മുതൽ ആംബുലൻസ് പാലം വരെ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 16ബാരൽ | 4720 | 74/12.3.21 623119 |
| 13 | 177/21 പഞ്ചായത്ത് ഓഫീസ് മുതൽ ബോട്ട് ജെട്ടി വരെ റോഡ് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15ബാരൽ | 4425 | 77/12.3.21 112179/- |
| 14 | 188/21 പൊയ്ക്കാരക്കളം പടിഞ്ഞാറോട്ട് ടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10ബാരൽ | 2950 | 112/30.3.21 493584 |
| | ആകെ | | | 46905 | |

ക്രമനമ്പർ 4ൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയിൽ 8.8.2017ൽ ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ബിറ്റുമിൻ വാങ്ങിയതിന്റെ 6918/8.8.2017നമ്പർ ബില്ലാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. കൂടാതെ ക്രമ നമ്പർ14 ൽ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയിൽ എഗ്രിമെന്റ് നമ്പർ മുദ്രപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എഗ്രിമെന്റ് തിയതിയോ കരാറുകാരന്റെ പേര് പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (22/14.6.22) ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള കാലിവീപ്പയുടെ വില ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പട്ടികയിൽ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുപോലെ തൻവർഷം നടപ്പിലാക്കിയ മറ്റ പദ്ധതികളിൽ നിന്നും കാലിവീപ്പയുടെ വിലയിനത്തിൽ കുറവ് ചെയ്ത് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ പ്രത്യേകം കണക്കാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് തിരികെ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 ബി.പി.എൽ. കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്ക് നിർമ്മാണം- ഒരേ ഗുണഭോക്താവിന് രണ്ട് തവണ ധനസഹായം നൽകി

പ്രോജക്ട് നം.220/21

നിർവ്വഹണം-വി.ഇ.ഒ.

ധന.കമ്മീഷൻ അവാർഡ്-254400, സംസ്ഥാനാവിഷ്കൃത ഫണ്ട്-300000, ആകെ അടങ്കൽ- 554400

ചെലവ് -221760/-

വി.ഇ.ഒ 2020-21 ൽ നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം ബി.പി.എൽ വിഭാഗത്തിലെ 24ഗുണഭോക്താക്കൾക്ക് സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് നൽകുന്നതിനായി 9,240 രൂപ വീതം ആകെ 221760/-രൂപ ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ തോമസ് വർഗ്ഗീസ് എന്ന ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ധനസഹായം നൽകിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ചെക്ക് നം./ ബിൽനം./ തീയതി | അനുവദിക്കാവുന്ന തുക | അനുദിച്ച തുക | അധികം നൽകിയതുക |
|---|---|---|---|---|---|
| തോമസ് വർഗ്ഗീസ് A/C No. 0531053000001804 IFS Code SIBL0000531 | 5000 | 621944/ 31.03.2021 | 9240 | 18480 | 9240 |
| | 4240 | 32/21 30.03.2021 | | | |
| | 5000 | 621944/31.03.21 | | | |
| | 4240 | 14/18.01.2021 | | | |
| ആകെ | 18480 | | 9240 | 18480 | 9240 |

ഗുണഭോക്താവിന് രണ്ട് പ്രാവശ്യം ധനസബായം നൽകിയതുമൂലം 9240 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം നൽകിയ തുക നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/15.06.2022 )മറുപടി ലഭ്യമാക്കിയില്ല.

## 3-5 എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല.

എടത്വ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന റോഡ് നിർമ്മാണ പ്രവൃത്തികളിൽ എർത്തേൺ സബ്ഗ്രേഡ്/ എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ (യൂസിംഗ് മെറ്റീരിയൽ ഒബ്റ്റെയ്ൻഡ് ഫ്രം ബോറോപിറ്റ്സ്) നടത്തിയതിൽ നിന്നും 10% കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നതുമൂലം അധിക ചെലവുണ്ടായിട്ടുണ്ട്. ഉചിതമായ രീതിയിൽ കൺസോളിഡേഷൻ നടത്തിയെന്നുള്ള സാക്ഷ്യപത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ | കരാറുകാരൻ | എർത്തേൺ സബ്ഗ്രേഡ് നടത്തിയഅളവ്/അളവു പുസ്തകം | അനുവദനീയമായ അളവ്/ തുക | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| 1 | 72/21 നെടുമ്പറമ്പു മുതൽ 30ൽ ചിറവരെ വഴി മക്കിട്ടുയർത്തൽ | റോണി ജോർജ്ജ് | $15.587m^3$@$995/m^3$ =15509/- 11/21 | $14.03m^3$ @$995/m^3$ =13960/- | 1549 | 102/22.3.21 205870/- |
| | | | 12% GST | | 186 | |
| | | | ആകെ | | 1735 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി (20/14.6.22) നൽകിയതിനെ തുടർന്ന് രസീത് നമ്പർ 1220100597/16.6.22 പ്രകാരം 1550/-രൂപ തിരികെ അടച്ചു. അവശേഷിക്കുന്ന 185/-രൂപ കൂടി ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-6 തൊഴിലുറപ്പ് പദ്ധതി- കയർഭൂവസ്ത്രംവിരിക്കൽ അധികം തുക നൽകി

2020-21ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ തോടുകൾക്ക് കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അതേ വിസ്തൃതിയിൽ തന്നെ പ്രവർത്തി ചെയ്തതായി രേഖപ്പെടുത്തി അധികം തുക ചെലവഴിച്ചതായി കാണുന്നു.

കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) തന്നെ ഒരു ചതു.മീറ്റർ വിസ്തൃതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിനാവശ്യമായ കയർഭൂവസ്ത്രത്തിന്റെ അളവ് രേഖപ്പെടുത്തി യിട്ടുള്ളത് 1.05ചതു.മീറ്റർ ആണ്. 2 മീറ്റർ വീതിയിലുള്ള കയർഭൂവസ്ത്രം വ്യത്യസ്ത വീതിയിൽ വിരിക്കുമ്പോൾ രണ്ട് പീസുകൾ തമ്മിൽ ഓവർലാപ്പ് ചെയ്ത് മുളയാണി വെയ്ക്കുന്നതിനും, മുറിക്കുമ്പോൾ ഉണ്ടാകുന്ന വേസ്റ്റേജ് ക്രമീകരിക്കുന്നതിനും വേണ്ടി വരുന്ന അളവിലേക്കാണ് ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ വിസ്തൃതിയിൽ മാത്രമേ ആയത് വിരിക്കാൻ സാധിക്കൂ. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം കയർ ഭൂവസ്ത്രം വിരിക്കുന്നതിന് അധിക വേതനം (ഇനം.80.8.63ൽ, ച.മീറ്ററിന് 71.662 രൂപ നിരക്കിൽ നല്കിയതിന്റെവിശദാംശം ചുവടെ ചേർക്കുന്നു.

1. വാർഡ് 11 ൽ എസ്.സി/ബി.പി.എൽ കുടുമ്പങ്ങളുടെ ഭൂമിയിൽ മാടി പിടിപ്പിക്കൽ - ജൈവവേലി നിർമ്മാണം.

വർക്ക് കോഡ്- 529180,

ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് 24.11.2020മുതലാണെങ്കിലും 16.6.2021ൽ ആണ് കയർ ഭൂവസ്ത്രത്തിന്റെ പേയ്മെന്റ് നടത്തിയിട്ടുള്ളത്.

M-book No.- 187/20-21

FTO- 124827/16-6-21, 240110/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭൂവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/2499, 4.1.21 | $400m^2$ |
| കയർഭൂവസ്ത്രം വാങ്ങിയതായി അളവുപുസ്തകം പേജ് 3 ൽ രേഖപ്പെടുത്തിയിട്ടുള്ളത് | | 400m2 |
| പേജ് 11, 13ൽ കയർഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും. | | 400m2, 28634/-രൂപ (400 X 71.586/$m^2$) |

| | |
|---|---|
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | $381m^2$ (400/1.05) X $71.586/m^2$ = 27274/- രൂപ |
| അധികം നൽകിയത്. | 28634 - 27274 = 1360/-രൂപ |

2. വാർഡ് 10-ൽ പൊതു തോട് ആഴംകൂട്ടി സംരക്ഷിക്കൽ-മുണ്ടുതോട് ഘട്ടം 2

വർക്ക് കോഡ്- 365268

M-book No.-രേഖപ്പെടുത്തിയിട്ടില്ല.

FTO- No.-124823/16-6-21, 245868/-

| | | |
|---|---|---|
| കയർ കോർപ്പറേഷനിൽ നിന്നുമുള്ള ബിൽ പ്രകാരം വാങ്ങിയ കയർഭ്രവസ്ത്രത്തിന്റെ അളവ് | ഇൻവോയ്സ് - CC/IG/2861, 28.1.21 | $200m^2$ |
| പേജ് 14ൽ ഉപയോഗിച്ച കയർഭ്രവസ്ത്രത്തിന്റെ അളവ് | | 200m2 |
| പേജ് 15ൽ കയർഭ്രവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തിയ അളവും, നൽകിയ തുകയും | | 200m2, 14317/-രൂപ (200 X 71.586/m2) |
| വിരിക്കലിന് അനുവദനീയമായ അളവും, നൽകാവുന്ന തുകയും. | | 190m2 (200/1.05) X 71.586/m2 = 13601/- രൂപ |
| അധികം നൽകിയത്. | | 14317- 13601= 716/-രൂപ |
| ആകെ 1360+ 716 =2076/- | | |

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (33/15.6.2022) മറുപടി ലഭ്യമാക്കിയില്ല. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം അധികം നൽകിയ 2076/-രൂപ ബന്ധപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി, എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ടെണ്ടർ വ്യത്യാസം അധികം നൽകി.

പ്രോജക്ട് നമ്പർ -115/19

ബിന്ദു ഭവനം മുതൽ വടകര ജെട്ടിവരെ റോഡ് നിർമ്മാണം

അടങ്കൽ-178600/-

കരാറുകാരൻ- സെൽവിൻ തോമസ്

എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.8% കുറവ്

അളവ് പുസ്തകം-32/19-20, ബിൽ നമ്പർ- 26/28.5.20, 165637/-

എടത്വ ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ ബിന്ദു ഭവനം മുതൽ വടകര ജെട്ടിവരെ റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 6 പ്രകാരം ഒന്നാമിനമായി കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ സബ്ഗ്രേഡ് എന്നയിനം 88.965m3ചെയ്തതിന് 1007.55/m3നിരക്കിൽ 89636.68രൂപയും രണ്ടാമിനമായി ഫില്ലിംഗ് ലോ ലെയിംഗ് ഏറിയ വിത്ത് ക്വോറി മക്ക് എന്നത് 49.425m3 ചെയ്തതിന് 1154.87/m3നിരക്കിൽ 57079.45 രൂപയും ഉൾപ്പെടെ ആകെ മൂല്യം 146716/- രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും ടെണ്ടർ ഡിഡക്ഷൻ 0.8% (1173/-)കുറവ്

ചെയ്യുന്നതിന് പകരം 0.8% ക്കൂട്ടി ആകെ പ്രവൃത്തിമൂല്യം 147890/-രൂപയായി നിർണ്ണയിച്ച് 12% ജി.എസ്.ടി ഉൾപ്പെടുത്തി ആകെ 165637/-രൂപ പിൻവലിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്. അനുവദിക്കാവുന്ന തുക ചുവടെ ചേർക്കുന്നു.
അനുവദിക്കാവുന്ന തുക- 146716-0.8% =145543+17564 (12%ജി.എസ്.ടി) =163008/-
അനുവദിച്ചത് -165637/-, അധികം-2629/- ( 165637-163008)
മേൽ വിഷയം സംബന്ധിച്ച് എൻക്വയറി(19/14.6.22) നൽകിയതിനെ തുടർന്ന് 1173/- രൂപ രസീത് നമ്പർ 1220100597/16.6.22 തിരികെ അടച്ചു. തിരിച്ചടക്കുവാൻ അവശേഷിക്കുന്ന 1456/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-8 സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല

1.) സർക്കുലർ നം 67/2020/ ധന തീയതി 5/11/20 പ്രകാരം മരണപ്പെടുന്നവരെയും, നിശ്ചിത മാനദണ്ഡപ്രകാരം അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിനു നിർദേശിച്ചിരിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തതായി കാണുന്നില്ല. ശ്രദ്ധയിൽപ്പെട്ട ഏതാനും ചിലരുടെ വിശദാംശം താഴെ കൊടുക്കുന്നു. ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/15.06.22) മറുപടി ലഭ്യമാക്കിയില്ല. അനർഹമായ കാലയളവിലേക്ക് നൽകിയ തുക തിരികെ ഈടാക്കി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മരണപ്പെടുന്നവരെയും, നിശ്ചിത മാനദണ്ഡപ്രകാരം അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി സസ്പെൻഡ് ചെയ്യാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/രജിസ്ട്രേഷൻ തീയതി | അനർഹമായ കാലയളവ് | അനർഹമായി കൈപ്പറ്റിയ തുക | |
|---|---|---|---|---|---|---|
| | | | | | അക്കൌണ്ടിൽ നിക്ഷേപിച്ച തുക | അക്കൌണ്ടിൽ നിക്ഷേപിക്കാൻ സാധിക്കാത്ത തുക |
| 1 | പി. വി പുരുഷോത്തമൻ, പതിനെട്ടിൽചിറ | വാർദ്ധക്യകാലപെൻഷൻ/ 104530200985 | 2.3.2020/ 16.3.2020 | 4/2020 - 5/2022 | 38920/- | 0 |
| 2 | അക്കാമ്മ ചാണ്ടപിള്ള, കറുകയിൽ വീട് | വാർദ്ധക്യകാലപെൻഷൻ/ 104530200598 | 7.6.20/11.6.2020 | 7/2020 - 4/2021 (തുക അക്കൌണ്ടിൽ നിക്ഷേപിച്ചു)<br>5/2021 -5/2022 (തുക അക്കൌണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല) | 15100/- | 20800/- |
| 3 | അന്നമ്മ ഹില്ലാരിയോസ്, തോട്ടുകടവിൽ, കോയിൽമുക്ക് | വാർദ്ധക്യകാലപെൻഷൻ/ 104530200691 | 15.03.2020/ 2.4.2020 | 4/2020- 11/2020 (തുക അക്കൌണ്ടിൽ നിക്ഷേപിച്ചു)<br>12/2020- 4/21 (തുക അക്കൌണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചില്ല)<br>5/21- 5/22 (തുക അക്കൌണ്ടിൽ നിക്ഷേപിച്ചു) | 10620 + 28300=38920/- | 9000/- |
| 4 | കുട്ടിയമ്മ, കറുകയിൽ, കോയിൽമുക്ക് | വാർദ്ധക്യകാല പെൻഷൻ/ 104530200063 | 13.4.2020/22.5.2020 | 5/2020-5/2022 | 38900/- (ഡയറക്ട് ടു ഹോം) | |
| | ആകെ കൈപ്പറ്റിയ തുക | | | | 131840 | |

2.) സർക്കുലർ നം 63/2021/ ധന തീയതി 2/8/21 പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും, പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണം നടത്തി അത്തരക്കാരെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും താമസംവിനാ ഒഴിവാക്കേണ്ടതാണ് എന്ന് നിർദേശിച്ചിരിക്കുന്നു. മീനാക്ഷിവാസു, മണ്ണാരുപറമ്പിൽ (മരിച്ച തീയതി/രജിസ്ട്രേഷൻ തീയതി- 4.2.2020/19.2.2020) (പെൻഷൻ ഐഡി- 104530200983) എന്ന വ്യക്തിയുടെ വാർദ്ധക്യകാലപെൻഷൻ (ഡയറക്ട് ടു ഹോം) അക്കൌണ്ട് നിലവിലും ആക്ടീവ് ആണെന്ന് കാണുന്നു. അക്കൌണ്ട് സസ്പെന്റ് ചെയ്യാത്തതിനാൽ ഡയറക്ട് ടു ഹോം പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സർവ്വീസ് സഹകരണബാങ്കുകളിലെ

അക്കൌണ്ടുകളിലേക്ക് നിലവിലും നൽകിക്കൊണ്ടിരിക്കുന്നു.(8/2019 മുതൽ പെൻഷൻ തടഞ്ഞുവച്ചിരിക്കുന്നു) അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/15.06.22) മറുപടി ലഭ്യമാക്കിയില്ല. അനർഹമായ കാലയളവിലേക്ക് നൽകിയ തുക സഹകരണബാങ്കുകൾ കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജ ക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 2000000 | ലൈഫ് പദ്ധതി ഘട്ടം 3 ഭൂമി വാങ്ങൽ | 2000000 | 00 |
| | | 100000 | അഗതി ആശ്രയ | 100000 | 00 |
| | | 100000 | പാലിന് സബ്സിഡി | 100000 | 00 |
| | | 199500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 199500 | 00 |
| | | 2569601 | കണ്ണമ്മാലി കൾവർട്ട് നിർമ്മാണം | 00 | 2569601 |
| | | 549443 | പുത്തൻപുരക്കൽപടി അമ്പനാട്ടുകര റോഡ് നിർമ്മാണം | 00 | 549443 |
| | | 100000 | അനുപൂരക പോഷകാഹാര പദ്ധതി | 100000 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | | 1200000 | ലൈഫ് പദ്ധതി ഘട്ടം 3 ഭൂമി വാങ്ങൽ | 1200000 | 00 |
| | | 225000 | ലൈഫ് പദ്ധതി ഘട്ടം 3 ഭൂമി വാങ്ങൽ SCP | 225000 | 00 |
| | | 630000 | ലൈഫ് പദ്ധതി ഘട്ടം 2 | 630000 | 00 |

| | | | | |
|---|---|---|---|---|
| | 166000 | അനുപൂരക പോഷകാഹാര പദ്ധതി | 166000 | 00 |
| | 59600 | പലിയേറ്റീവ് കെയർ | 59600 | 00 |
| | 95900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 95900 | 00 |
| | 100000 | പാലിന് സബ്സിഡി | 100000 | 00 |

മുൻവർഷങ്ങളിലേതുൾപ്പെടെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 1712504/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ 3127386/-രൂപയും നാളിതുവരെ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. ആയത് ചെലവഴിക്കുവാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 2200033/1.3.21 | 152023 | 00 | 152023 |

മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിട്ടിക്ക് നൽകിയിട്ടുള്ള 1863272/-രൂപയും കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് നൽകിയിട്ടുള്ള 138663/-രൂപയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയ 8043/-രൂപയും നാളിതുവരെ ചെലവഴിക്കപ്പെടാത്തതായി ബാലൻസ് ഷീറ്റ് ബി-18ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ ചെലവൊന്നുമില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി ഇല്ല | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ-ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 1241133 | 9216471 | 907137 | 00 | 9550467 |

തിരിച്ചടവായി കാണിച്ചിട്ടുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-2 | 32926 | ബിനു ഐസക്ക് രാജു | 1200100388/ 13.11.20 |

| | | | |
|---|---|---|---|
| | | മുൻ മെമ്പർ | |
| 3-2 | 32926 | ശ്യാമള രാജൻ<br>മുൻ മെമ്പർ | 1200100446/<br>16.11.20 |
| 3-2 | 32926 | കെ.എൽ.ബിന്ദു<br>മുൻ മെമ്പർ | 1200100791/<br>18.11.20 |
| 3-2 | 32926 | മറിയാമ്മ ഫിലിപ്പ്<br>മുൻ മെമ്പർ | 1200100801/<br>18.11.20 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ റിപ്പോർട്ട്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം. | | 2015-16 | 3.6.2 | അടിസ്ഥാന സൗകര്യ വികസനം | മറുപടി സമർപ്പിച്ചിരുന്നു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79675136 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72180291 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31554 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 898980 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13923 | രാജേന്ദ്രൻ.ജി., സെക്രട്ടറി, |
| 3-2 | | 6750 | ദിനൽരാജ്.വി.എച്ച്, വി.ഇ.ഒ |
| 3-4 | | 9240 | ദിനൽരാജ്.വി.എച്ച്, വി.ഇ.ഒ |
| 3-5 | | 185 | ഒസീലാ ബീവി, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-7 | | 1456 | ഒസീലാ ബീവി, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | | 31554 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 100000 | അഞ്ജു മറിയം ജോസ്, കൃഷി ഓഫീസർ |
| 1-17 | 325600 | അഞ്ജു മറിയം ജോസ്, കൃഷി ഓഫീസർ |
| 1-20 | 333682 | അഞ്ജു മറിയം ജോസ്, കൃഷി ഓഫീസർ |
| 1-22 | 30000 | രാജേന്ദ്രൻ ജി., സെക്രട്ടറി |
| 1-23 | 40906 | സിനി സി ജോസഫ്, മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| 1-24 | 68800 | അഞ്ജു മറിയം ജോസ്, കൃഷി ഓഫീസർ |
| ആകെ | 898980 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | അധികം നൽകിയ തുക | ജി .എസ്.റ്റി | വരുമാന നികുതി | സംസ്ഥാന സർക്കാരിന്റെ നഷ്ടം | |
|---|---|---|---|---|---|
| 3-6 | 2076 | - | - | - | വത്സമ്മ.വി.എൽ അസിസ്റ്റന്റ്സെക്രട്ടറി,<br>ടോബിൻ എബ്രഹാം വർഗ്ഗീസ് അസിസ്റ്റന്റ്എഞ്ചിനീയർ എൻ.ആർ.ഇ.ജി.എസ്<br>രാജേന്ദ്രൻ ജി സെക്രട്ടറി, |
| 1-35 | - | 26764 | 15321 | - | ഒസീലാ ബീവി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | - | - | - | 46905 | ഒസീലാ ബീവി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | . | . | . | 131840 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജി.രാജേന്ദ്രൻ, സെക്രട്ടറി, സെക്രട്ടറി | സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | സൗപർണ്ണിക, വണ്ടാനം പി.ഒ., ആലപ്പുഴ |
| അജയകുമാർ സി.വി, സെക്രട്ടറി | സെക്രട്ടറി,കരുവാറ്റ ഗ്രാമപഞ്ചായത്ത് | ചേലക്കോട്ടേത്ത്, കാരാഴ്മ, വള്ളികുന്നം പി.ഒ |

| | | |
|---|---|---|
| ഒസീലാ ബീവി, അസിസിറ്റന്റ് എഞ്ചിനിയർ | അസിസിറ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി. എടത്വ ഗ്രാമപഞ്ചായത്ത് | നടുവിൽമേലത്തിൽ, നടുവിലഞ്ചേരി, കാഞ്ഞാവള്ളി പി.ഒ |
| ചൈതന്യ ആർ.എം, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷിഭവൻ വൈക്കം | ചന്ദ്രഭവൻ,ഉണ്ടിക്കട, കിളിമാനൂർപി.ഒ, തിരുവനന്തപുരം |
| അഞ്ജു മറിയം ജോസ്, കൃഷി ഓഫീസർ | അവധിയിൽ | മുണ്ടയ്ക്കപ്പള്ളിൽ, കുന്നന്താനം, ചെങ്ങന്നൂർപി.ഒ |
| ദിനൽരാജ്.വി.എച്ച്, വി.ഇ.ഒ | വി.ഇ.ഒ, ആര്യാട്ഗ്രാമപഞ്ചായത്ത് | വളപ്പിൽ, ആര്യാട് നോർത്ത് പി.ഒ. ആലപ്പുഴ |
| സിനി സി ജോസഫ്, മെഡിക്കൽ ഓഫീസർ സി.എച്ച്.സി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി, എടത്വ | കുറ്റിക്കൽ, ആനപ്രമ്പാൽ നോർത്ത് പി.ഒ, തലവടി |
| ടോബിൻ എബ്രഹാം വർഗ്ഗീസ്, അസിസ്റ്റന്റ്എഞ്ചിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്, ഗ്രാമപഞ്ചായത്ത് | മാടയ്ക്കൽ കളപ്പുരയ്ക്കൽ ഹൗസ്, തലവടി സൗത്ത് പി.ഒ, ആലപ്പുഴ |
| വത്സമ്മ.വി.എൽ അസിസ്റ്റന്റ്സെക്രട്ടറി, | വിരമിച്ചു | വലയത്തിൽചിറ ഹൗസ്, അമിച്ചകരി ചമ്പക്കുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ3-707/97, 11.12.97/7.2.98 |
| 1997-98 (ചെലവ്) | എൽ.എഫ്.എ3 1138/99/ 13.3.2000/8..6.2000 |
| 1998-99 (ചെലവ്) | എൽ.എഫ്.ജിഎ5-1832(1)/11/24.1.2012 |
| 1999-00, 01-02 (പദ്ധതി) | എൽ.എഫ്.ജിഎ5-1832/11/24.1.2012 |
| 1999-00 (പദ്ധതി ഒഴികെ) | എൽ.എഫ്.ജിഎ5-1832/24.1.2012 |
| 2002-03 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2003-04 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2004-05 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2005-06 | എൽ.എഫ്.ജിഎ5-1832/30.1.2012 |

| | |
|---|---|
| 2006-07 | എൽ.എഫ്.എ.പി8 -311/11/23.9.11/30.9.11 |
| 2007-08 | എൽ.എഫ്.എ.പി8 -312/23.9.11/30.9.11 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി1 -626/12/24.9.12 |
| 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.പി1 – 1482/13/3.4.14/7.6.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/ പി1-1539/15/ 9.12.15/1.1.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/ പി1-826/16/28.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി1- 1526/16/14.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി1- 1201/17/16.09.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി1- 234/19/04.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി1- 531(A)/2019 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി1-214/22/ 27.3.22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്